NERVEEDHI

Volume - 14, Issue - 11, 10th November 2025, Monthly, Price ₹ 25, Published at Kottayam

വാല്യം – 14, ലക്കം – 11, നവംബർ 2025 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

# ഇടിഞ്ഞു പോകുന്ന ദൈവാലയം

പേജ് 25



Editorial

# സമ്പൂർണ്ണ ഐക്യതയുടെ പ്രസക്തി

ശരീരത്തിലെ അവയവങ്ങൾ തികഞ്ഞ ഏകോപനത്തോടെ പ്രവർത്തിക്കുന്നതിനെ ഉദാഹരിച്ചുകൊണ്ട്, സഭയുടെ സമ്പൂർണ്ണ ഐക്യതയുടെ പ്രസക്തി തിരുവെഴുത്തു സ്പഷ്ടമാക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായ ഒരനുഭവം തിരുവെഴുത്തിൽ നമുക്ക് കാണാം. യേശുവും ശിഷ്യന്മാരും ഗദരദേശത്തു എത്തിയപ്പോൾ ഒരാൾ ശവക്കല്ലറയിൽനിന്നും ഇറങ്ങി യേശുവിനഭിമുഖമായി വന്നു. അശുദ്ധാത്മാവ് ബാധിച്ചിരുന്ന അയാൾ ശവകുടീരങ്ങളിലാണ് വസിച്ചിരുന്നത്. ആർക്കും അയാളുടെ കൈകാലുകൾ ബന്ധിക്കാനായില്ല. ചങ്ങലകൾകൊണ്ടുപോലും അതു സാധ്യമായില്ല. അയാൾ കൈയിലെയും കാലിലെയും ചങ്ങലകൾ പൊട്ടിച്ചു. അയാളെ നിയന്ത്രിക്കാൻ ആർക്കും കരുത്തുണ്ടായില്ല. രാപ്പകൽ അയാൾ ശവക്കല്ലറകളിൽ സഞ്ചരിച്ചു. അയാൾ അലറുകയും കല്ലുകൾകൊണ്ട് 'സ്വന്തശരീരത്തെ ചതയ്ക്കുകയും മുറിവേൽപ്പിക്കുകയും ചെയ്തിരുന്നു'. ആ മനുഷ്യന്റെ ശരീരത്തിലെ അവയവങ്ങൾ തമ്മിൽ പൊരുത്തമില്ലാതെ അവന്റെ ജീവിതം പരാജയമായതിന്റെ ഏകകാരണം ദുരാത്മാക്കൾ അയാളിൽ വസിച്ചിരുന്നു എന്നതാണ്.

പരിശുദ്ധാത്മാവ് 'സഭയാം ശരീരത്തിൽ' വസിച്ച് ഒരു ഭിന്നതയും ഇല്ലാതെ സഭയെ തികവിലേക്കു നടത്തണം എന്നതാണ് ദൈവികപദ്ധതി. എന്നാൽ തന്ത്രശാലിയായ സാത്താൻ ഉപായങ്ങളും കുതന്ത്രങ്ങളും പ്രയോഗിച്ച് സഭയിൽ ഭിന്നതയും ദ്വന്ദപക്ഷങ്ങളും കലക്കങ്ങളും കയ്പ്പും വിദ്വേഷവും ഉളവാക്കി, സഭയെ വിഘടിപ്പിച്ച് ദൈവനാമം ദുഷിക്കപ്പെടുവാനും സത്യമാർഗ്ഗം അവഹേളിക്കപ്പെടുവാനും ഇടയാക്കുന്നു. വ്യക്തികൾ ക്രിസ്തുവിനോട് ചേരാതെ ചിതറിപ്പോകത്തക്കവണ്ണം ഈ ഛിദ്രശക്തികൾ സഭയിൽ അഴിഞ്ഞാടുന്നു. ഇങ്ങനെ ചെയ്യുന്നവർ യേശുവിനെയാണ് ഉപദ്രവിക്കുന്നത് എന്ന്, 'ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്തെന്നു' പൗലോസിനോട് ചോദിച്ച ചോദ്യത്തിൽ നിന്ന് വ്യക്തമാണ്. സഭയെ ഭിന്നിപ്പിക്കുന്നവർ ഇന്നും യേശുവിനെ ഉപദ്രവിക്കുകയാണെന്ന് ഹൃദയകാഠിന്യം നിമിത്തം തിരിച്ചറിയാതെ പോകുന്നു.

സഭയുടെ തുടക്കത്തിൽ വിശ്വാസികൾ ഏകചിന്തയും ഏകഭാവവും ഏകമനസ്സും ഉള്ളവരായിരുന്നു. അവർക്കു ഒരേ ആത്മാവുമായിരുന്നു. തനിക്കുള്ളതൊക്കെ തന്റേതാണെന്ന് ആരും പറഞ്ഞില്ല. പകരം, അവർ തങ്ങൾക്കുള്ളതെല്ലാം അന്യോന്യം പങ്കുവച്ചു. 'ക്രിസ്തു എന്ന തലയെ മുറുകെപ്പിടിക്കുന്നു' എങ്കിൽ മാത്രമേ ഇത്തരത്തിലുള്ള ഏകോപനം വിശ്വാസികളിൽ സാധ്യമാവുകയുള്ളൂ. ഈ ഐക്യത്തിന് ഊന്നൽ കൊടുക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രമേയം. ഇതരലേഖനങ്ങളും നിത്യതയെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്നതിന് നമ്മെ പ്രചോദിപ്പിക്കുന്നതാണ്. ഓരോന്നും പലപ്രാവശ്യം വായിക്കുന്നതും, ധ്യാനിക്കുന്നതും, മനസ്സിലാക്കിയ ചിന്തകൾ കുടുംബപ്രാർത്ഥനകളിൽ പങ്കുവയ്ക്കുന്നതും, എല്ലാവർക്കും ഏറെ പ്രയോജനം ആയിരിക്കും. വിശേഷാൽ തലമുറകളെ ദൈവവചനത്തിന്റെ മാർമ്മിക തലങ്ങളിലേക്കു നയിക്കുന്നതിൽ മുതിർന്നവർ ജാഗരൂകരായിരിക്കേണ്ടതാണ്. കുഞ്ഞുങ്ങൾ കർത്താവിനെ അറിയേണ്ടുംവണ്ണം അറിയുവാൻ ഇത് അനിവാര്യമാണ്.

കർത്താവിനെയും കർത്താവിന്റെ വരവിനെയും അർഹിക്കുന്ന ഗൗരവത്തിൽ കാണണമെന്ന് ഒരിക്കൽക്കൂടി നേർവീഥിയുടെ വായനക്കാരെ ഓർപ്പിച്ചുണർത്തിക്കൊണ്ട് മാസികയുടെ ഈ ലക്കം സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 14 ലക്കം 11
നവംബർ 2025

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ഒരു ശരീരം, പല അവയവങ്ങൾ** 4
ജോയ് എം. തോമസ്

**ജീവിപ്പിക്കുന്ന ആത്മപ്രവാഹം...** 7
സാജു മാത്യു

**അപ്രസക്തമാക്കുന്ന ഉന്നതമായ വ്യവസ്ഥ** 9
ചെയ്സ് ജോസഫ്

**ദൈവത്തിന്റെ ശബ്ദമാകുവാൻ...** 12
വാച്ച്മാൻ നീ

**കൗൺസലിംഗ് വീഥി** 17
അനു ഗ്രേസ് ചാക്കോ

**ക്ഷമ തീർത്ത ദാരുശില്പം** 20
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** 22
സുജ വിനു

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

**സന്ദേശം**



**ജോയ് എം തോമസ്**

# ഒരു ശരീരം, പല അവയവങ്ങൾ

സഭയെക്കുറിച്ചും സഭയുടെ പ്രവർത്തനരീതിയെക്കുറിച്ചും ശരിയായ അറിവ് എല്ലാ വിശ്വാസികൾക്കും വളരെ അത്യാവശ്യമാണ്. ഈ അറിവിന്റെ അഭാവം തെറ്റായ ധാരണകളും വിശ്വാസങ്ങളും വളരുവാൻ കാരണമാകും. അതാതു രാജ്യത്തിന്റെ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത ഏതെങ്കിലുമൊരു സഭാസംഘടനയിൽ ആണ് നാം അംഗങ്ങൾ ആയിരിക്കുന്നത്. എന്നാൽ അതുമാത്രമാണ് സത്യസഭ എന്ന ധാരണ തെറ്റാണ്. യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച് വചനാനുസരണം വിശ്വാസികൾ ആയിരിക്കുന്ന എല്ലാവരെയും, മറ്റു പശ്ചാത്തലങ്ങൾ ഒന്നും നോക്കാതെ സ്വന്തം ആത്മികസഹോദരങ്ങളായി കാണുവാനും അംഗീകരിക്കുവാനും കഴിയുന്ന ആത്മീകവീക്ഷണം നമുക്ക് ഓരോരുത്തർക്കും ആവശ്യമാണ്.

സഭയെ ക്രിസ്തുവിന്റെ ശരീരമായി വിശേഷിപ്പിച്ചിരിക്കുന്നു (എഫെസ്യർ 1: 23, 5: 23, കൊലോസ്യർ 1: 24). ഇത് അദൃശ്യവും സാർവ്വത്രികവുമായ സഭയെ വിശേഷിപ്പിക്കുന്നതാണ്. എങ്കിലും ഓരോ പ്രാദേശിക സഭയും അപ്രകാരം തന്നെയാണ്. തലയായ ക്രിസ്തുവുമായുള്ള, വേർപിരിക്കുവാൻ കഴിയാത്ത ആത്മബന്ധം സഭയുടെ ജീവനും ശക്തിയും ആണ്. ആ ബന്ധം നഷ്ടപ്പെട്ടാൽ സഭ എന്ന് അറിയപ്പെടുവാൻ യോഗ്യതയില്ലാതെ, വെറുമൊരു സംഘടനയോ മതത്തിന്റെ ഭാഗമോ ആയി നിർജ്ജീവാവസ്ഥയിൽ ആയിത്തീരും. ലവോദിക്യയിലെ സഭ ഇതിന് ഉദാഹരണമാണ് (വെളിപ്പാട് 3:14-20). അവിടെ കർത്താവ് ഓരോരുത്തരുടെയും മാനസാന്തരത്തിനായി ഹൃദയകവാടത്തിൽ മുട്ടിക്കൊണ്ട് സഭയുടെ പുറത്തുനിൽക്കുന്നു (വെളിപ്പാട് 3:20).

ഒരു സഭാസംഘടനയുടെ നിലനിൽപ്പിനും വളർച്ചക്കുമായി മാത്രം അധ്വാനിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണോ, അതോ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ വളർച്ചയ്ക്കായി അധ്വാനിക്കുന്നവരാണോ നാം എന്ന് ശോധന ചെയ്യേണ്ടിയിരിക്കുന്നു. സംഘടനയുടെ പ്രവർത്തനങ്ങളിൽ കർമ്മനിരതരാകുന്നതാണ് ആത്മീകത എന്ന് പലരും തെറ്റിദ്ധരിച്ചിട്ടുണ്ടോ എന്നും ശോധന ചെയ്യേണ്ടതുണ്ട്. എല്ലാദിവസവും പ്രോഗ്രാമുകൾ ഉണ്ടാക്കി വിശ്വാസികളെ അതിൽ തിരക്കുള്ളവരാക്കിത്തീർത്ത് സംഘടനയുടെ നല്ല പ്രവർത്തകരാകുവാൻ ഉത്സാഹിപ്പിക്കുന്ന ഭരണതന്ത്രജ്ഞരായി ദൈവദാസന്മാരും അധഃപതിക്കുന്നുവോ എന്നതും ശോധന ചെയ്യുന്നത് നന്നായിരിക്കും. ലക്ഷ്യം തെറ്റിയുള്ള യാത്ര

വിനാശത്തിൽ മാത്രമേ അവസാനിക്കൂ എന്ന യാഥാർത്ഥ്യം മറക്കാതിരിക്കാം.

സഭ, ക്രിസ്തുവിന്റെ ശരീരമാണ്, ഒരേ ഒരു ശരീരം. തന്റെ ശിഷ്യസമൂഹത്തെക്കുറിച്ച് യേശുകർത്താവ് ആഗ്രഹിക്കുന്നത് അവർ പരസ്പരം സ്നേഹിക്കുന്നതിനാൽ ഉടലെടുക്കുന്ന ഐക്യതയാണ് (യോഹന്നാൻ 17: 20 - 24, 13: 34,35). ശരീരത്തിന് ഒരു തല മാത്രമേ ഉള്ളൂ. സഭയ്ക്ക് ഒരു തലവൻ മാത്രമേ ഉള്ളൂ. ശരീരത്തിൽ ബാക്കിയുള്ളതെല്ലാം അവയവങ്ങൾ, പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന വ്യത്യസ്ത അവയവങ്ങൾ! തലയുടെ നിർദ്ദേശം അനുസരിച്ച് അവ പ്രവർത്തിക്കുമ്പോൾ ഒരു ശരീരമായി പ്രവർത്തിക്കുന്നു. എല്ലാ അവയവങ്ങളും അതിനാൽ പുഷ്ടിപ്രാപിച്ച് ശരീരം ആരോഗ്യമുള്ളതായി വളരുന്നു. അതുപോലെ തന്നെയാണ് സഭയും. നമുക്ക് ഒരു പിതാവ്, ഒരു ഗുരു, ഒരു നായകൻ, നാമെല്ലാവരും സഹോദരന്മാർ (മത്തായി 23: 8 - 10). ഐക്യതയുടെ ഈ ചിന്ത നാം വിട്ടുകളയരുത്. നമ്മിൽ ആരും സ്വയം ഉയർത്തുന്നവരാകരുത്. സ്വയം താഴ്ത്തുന്ന സ്വഭാവക്കാരായി ക്രിസ്തുവിന്റെ അനുകാരികൾ ആയിരിക്കണം.

ശരീരത്തിൽ അവയവങ്ങൾക്കിടയിൽ വലിപ്പച്ചെറുപ്പ ചിന്തകളോ, മത്സരമോ ഇല്ല. അതിനാൽ ഭിന്നതകളോ ദ്വന്ദപക്ഷങ്ങളോ ഇല്ല. പരസ്പര സഹായം ആവശ്യമുള്ളതുകൊണ്ട് അന്യോന്യം കരുതുവാനും പരസ്പരപൂരകങ്ങളായി വർത്തിക്കുവാനും അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ പുതിയസൃഷ്ടികൾ ആയിത്തീർന്നിരിക്കുന്ന തന്റെ ശിഷ്യസമൂഹത്തെക്കുറിച്ച് കർത്താവ് ആഗ്രഹിക്കുന്നത് അവർ ഒരു ശരീരമായി ഐക്യതയിൽ നിലനിന്ന് തന്റെ സാക്ഷികൾ ആകണം എന്നാണ്. കർത്താവിന്റെ ഹൃദയാഭിലാഷം മനസ്സിലാക്കി, സമർപ്പിച്ച് നമ്മെത്തന്നെ പ്രവർത്തനസജ്ജരാക്കുവാൻ കഴിയണം. ഭിന്നതയും ഇടർച്ചയും കർത്താവിന് സഹിച്ചുകൂടാത്തതാണ്. അതിനാൽ കടുത്ത ഭാഷയിൽ കർത്താവ് അരുളിച്ചെയ്യുന്നു: 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു ആരെങ്കിലും ഇടർച്ച വരുത്തിയാൽ അവന്റെ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നല്ലത്' (മത്തായി 18: 6). വാക്കുകളോ പ്രവൃത്തിയോ മനോഭാവമോ നമ്മുടെ ആത്മീകസ

**പരസ്പരസഹായം ആവശ്യമുള്ളതുകൊണ്ട് അന്യോന്യം കരുതുവാനും പരസ്പരപൂരകങ്ങളായി വർത്തിക്കുവാനും അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ പുതിയ സൃഷ്ടികൾ ആയിതീർന്നിരിക്കുന്ന തന്റെ ശിഷ്യസമൂഹത്തെക്കുറിച്ച് കർത്താവ് ആഗ്രഹിക്കുന്നത് അവർ ഒരു ശരീരമായി ഐക്യതയിൽ നിലനിന്ന് തന്റെ സാക്ഷികൾ ആകണം എന്നാണ്.**

ഹോദരങ്ങൾക്ക് ഇടർച്ച വരുത്തുവാൻ ഇടയാകരുത് എന്ന സൂക്ഷ്മത നമുക്ക് ആവശ്യമാണ്. ഇന്ന് വിശ്വാസസമൂഹം അധ:പതിച്ചിരിക്കുന്നത് ഭിന്നതകളും അസൂയയും പരസ്പര ഇടപാടുകളിലുണ്ടാകുന്ന തിക്താനുഭവങ്ങളും നിമിത്തമാണ്. നാം നമ്മുടെ കൂട്ടുസഹോദരങ്ങളെ സംരക്ഷിക്കുവാൻ കടപ്പെട്ടിരിക്കുന്നു എന്നത് മറക്കരുത്. എന്നാൽ 'നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽത്തന്നെ പ്രസാദിക്കാതിരിക്കുകയും വേണം, നമ്മിൽ ഓരോരുത്തൻ കൂട്ടുകാരനെ നന്മയ്ക്കായിട്ട് ആത്മീയവർദ്ധനവിന് വേണ്ടി പ്രസാദിപ്പിക്കണം' (റോമർ 15: 2).

ഒരു ശരീരം എന്നതുപോലെ പരസ്പര ബന്ധത്തിലും കൂട്ടായ്മയിലും ഏകോപനത്തിലും നിലനിന്ന് കർമ്മനിരതരായിരിക്കേണ്ട ഒരു സമൂഹമാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ. തലയായ ക്രിസ്തുവിനെ തിരിച്ചറിയുന്നതിലൂടെയാണ് സഭ തിരിച്ചറിയപ്പെടേണ്ടത്. നമ്മുടെ മുഖം നോക്കി മറ്റുള്ളവർ നമ്മെ തിരിച്ചറിയുന്നതുപോലെ, നമ്മിൽ കർത്താവിനെ ദർശിക്കുന്നതിനാലാണ് അവിടുത്തെ ശിഷ്യരായി ലോകം നമ്മെ തിരിച്ചറിയുന്നത്. ഈ ചിന്ത നമ്മെ എപ്പോഴും ഭരിക്കട്ടെ. പൗലോസ് അപ്പോസ്തലനിൽ കൂടി പരിശുദ്ധാത്മാവ് നൽകുന്ന പ്രബോധനം ഗൗരവമായി ശ്രദ്ധിക്കുക: 'ശരീരം ഒരു അവയവമല്ല പലതത്രേ. ഞാൻ കൈ അല്ലായ്കകൊണ്ടു ശരീരത്തിലുള്ളതല്ല എന്നു കാൽ പറയുന്നു എങ്കിൽ, അതിനാൽ അതു ശരീരത്തിലുള്ളതല്ല എന്നു വരികയില്ല. ഞാൻ കണ്ണു അല്ലായ്കകൊണ്ടു ശരീരത്തിലുള്ളതല്ല എന്നു ചെവി പറയുന്നു എങ്കിൽ അതിനാൽ അതു ശരീ

രത്തിലുള്ളതല്ല എന്നും വരികയില്ല. ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ? ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വെച്ചിരിക്കുന്നു. സകലവും ഒരു അവയവം എങ്കിൽ ശരീരം എവിടെ? എന്നാൽ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നു തന്നെ. കണ്ണിന്നു കയ്യോടു: നിന്നെക്കൊണ്ടു എനിക്കു ആവശ്യമില്ല എന്നും, തലയ്ക്കു കാലുകളോടു: നിങ്ങളെക്കൊണ്ടു എനിക്കു ആവശ്യമില്ല എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നെ ആവശ്യമുള്ളവയാകുന്നു. ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവയ്ക്ക് നാം അധികം മാനം അണിയിക്കുന്നു; നമ്മിൽ അഴകു കുറഞ്ഞവയ്ക്ക് അധികം അഴകു വരുത്തുന്നു; നമ്മിൽ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ലല്ലോ. ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിനു അധികം മാനം കൊടുത്തുകൊണ്ടു ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവത്തിന്നു മാനം വന്നാൽ അവയവങ്ങൾ ഒക്കെയും കൂടെ സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു(1 കൊരിന്ത്യർ 12: 14 - 27).

പ്രിയ സഹോദരങ്ങളെ, സഭയുടെ പ്രവർത്തന രീതി എത്ര സ്പഷ്ടമായും വ്യക്തമായും പരിശുദ്ധാത്മാവ് നമുക്ക് പറഞ്ഞു തന്നിരിക്കുന്നു. ഈ ദൈവഹിതം തിരിച്ചറിഞ്ഞ് നാം രൂപാന്തരപ്പെടണം. ശരീരത്തിലെ ഓരോ അവയവവും ആവശ്യമുള്ളതായിരിക്കുന്നതുപോലെ, നാമോരോരുത്തരും കർത്താവിന്റെ സഭയിൽ ഏറ്റവും ആവശ്യമുള്ളവരാണ് എന്ന് തിരിച്ചറിയണം. നമ്മെ ഓരോരുത്തരെയും ഭരമേല്പിച്ചിരിക്കുന്ന കൃപാവരങ്ങൾ മനസ്സിലാക്കി എല്ലാവരുടെയും ആത്മീകവളർച്ചയ്ക്ക് അത് പ്രയോജനപ്പെടേണ്ടതിനായി ഉപയോഗിക്കണം. അതുപോലെ മറ്റുള്ള ഓരോരുത്തരും കർത്താവിനും അവിടുത്തെ സഭയ്ക്കും ഏറ്റവും ആവശ്യമുള്ളവരാണ്. നാമും പരസ്പരം പ്രയോജനപ്പെടേണ്ടവരാണ്. അതിനാൽ അവരവരുടെ ശുശ്രൂഷ ചെയ്യുന്നതിനും മികവുള്ളവരാകുവാനും നാം അന്യോന്യം പ്രോത്സാഹിപ്പിക്കണം. നാം ആത്മികമായി വളരുകയും മറ്റുള്ളവരെ വളർത്തുകയും ചെയ്യണം. വളരുന്നവർക്കേ മറ്റുള്ളവരെ വളർത്തുവാൻ കഴിയൂ, വളർത്തുന്നവർക്കേ വളരുവാനും കഴിയുകയുള്ളൂ. അതായത് എല്ലാവരുടെയും വരങ്ങൾ ജ്വലിപ്പിക്കുവാൻ തക്കവണ്ണം ഓരോരുത്തരെയും ഉത്സാഹിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

**കണ്ണിന്നു കയ്യോടു: നിന്നെക്കൊണ്ടു എനിക്കു ആവശ്യമില്ല എന്നും, തലയ്ക്കു കാലുകളോടു: നിങ്ങളെക്കൊണ്ടു എനിക്കു ആവശ്യമില്ല എന്നും പറഞ്ഞുകൂടാ.**

ശുശ്രൂഷകരെ ദൈവം തന്റെ സഭയിൽ നിയമിച്ചാക്കിയിരിക്കുന്നത് വിശ്വാസികളെ വിശ്വാസത്തിൽ നിലനിർത്തി നേർവഴിയിൽ അവരെ നയിക്കുവാനും ദൈവം ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ, കൃപാവരങ്ങൾ, പ്രയോജനപ്പെടുത്തുന്നതിലൂടെ അന്യോന്യം സജ്ജരാക്കുന്നതിനും ആണ്. വിശ്വാസത്തിലും പ്രത്യാശയിലും ദൈവമക്കൾ സമൃദ്ധി നേടണം. ഓരോ പ്രാദേശികസഭയും ഒരു കുടുംബം എന്നപോലെ ദൈവസ്നേഹത്തിൽ തികഞ്ഞവരായി സഹവർത്തിക്കണം.ആയിരിക്കുന്നയിടം സുവിശേഷത്താൽ നിറയ്ക്കുവാൻ സഭകൾക്ക് കഴിയണം. ദൈവവേലയ്ക്കായി ദൈവവിളി കേൾക്കുന്നവർ സഭയിൽ ഉണ്ടാകണം. നശിക്കുന്ന വ്യക്തികൾ രക്ഷിക്കപ്പെട്ട് ക്രിസ്തുവിന് സ്വന്തമാകണം എന്ന ആത്മഭാരം ഓരോരുത്തരെയും ഭരിക്കണം. നാം ഒരു ശരീരവും പല അവയവങ്ങളും ആകുന്നു എന്ന സത്യം തിരിച്ചറിഞ്ഞ് കർമ്മനിരതരായി യേശുവിന്റെ സാക്ഷികളായി ശോഭിക്കുവാൻ കഴിയണം. നമ്മുടെ സ്വന്ത കഴിവുകൊണ്ടോ പ്രാപ്തികൊണ്ടോ അല്ല, പ്രത്യുത ദൈവകൃപയിലും ക്രിസ്തു നമ്മിൽ വസിച്ചു പ്രവർത്തിക്കുന്നതിനാലും ആണ് ഇക്കാര്യങ്ങൾ ഫലപ്രദമാകുന്നത്. പാപത്താൽ ഇരുളടയുന്ന ഈ ലോകം സുവിശേഷത്തിന്റെ പ്രകാശം കാണട്ടെ! •



സാജു മാത്യു

# ജീവിപ്പിക്കുന്ന ആത്മപ്രവാഹം...

***എന്നാൽ ഈ നദി ചെന്നു ചേരുന്നിടത്തൊക്കെയും ചലിക്കുന്ന സകല പ്രാണികളും ജീവിച്ചിരിക്കും. ഈ വെള്ളം അവിടെ വന്നതുകൊണ്ട് ഏറ്റവും വളരെ മത്സ്യം ഉണ്ടാകും... ഈ നദി ചെന്നു ചേരുന്നിടത്തൊക്കെയും അത് പഥ്യമായിത്തീർന്നിട്ട് സകലവും ജീവിക്കും (യെഹെസ്കേൽ 47:9)***

**ഒ**രിക്കൽ ഒരു യുവജന സമ്മേളനത്തിൽ വെച്ച് ഒരു യുവാവ് എന്നോട് ചോദിച്ചു: "ഞാനൊരു വിശ്വാസിയാണ്.... ഞാൻ ശ്രീ ശ്രീ രവിശങ്കറിന്റെ 'ജീവനകല' (Art of Living) പഠിക്കുന്നതിൽ തെറ്റുണ്ടോ?""എന്താണതിന്റെ പേര്?" ഞാൻ എടുത്തുചോദിച്ചു... "ആർട്ട് ഓഫ് ലിവിംഗ്!" യുവാവ് മറുപടി പറഞ്ഞു: "ആർട്ട്" ജീവനല്ല ജീവന്റെ അനുകരണമാണ്. അതിന് ഉണ്മ ഇല്ല: അത് ഉണ്ടാക്കുന്നതാണ്. ഒരു ചിത്രം കണ്ടാൽ നാം പറയുന്നത് "ജീവനുള്ളതുപോലെയിരിക്കുന്നു" എന്നല്ലെ.... ജീവനുണ്ട് എന്നല്ലല്ലോ.... ഊരിപ്പിടിച്ച വാളുമായി നില്ക്കുന്ന ഒരു യോദ്ധാവിന്റെ ചിത്രത്തിന് ഒരു പക്ഷെ നിന്നെ പേടിപ്പിക്കാൻ കഴിഞ്ഞേക്കാം; എന്നാൽ നിന്നെ മുറിവേൽപിക്കാൻ കഴിയില്ല... 'ജീവനകല' അഭ്യസിക്കേണ്ടതിന് നീ അവിടെ പോയാൽ ജീവനുള്ളതുപോലെ എന്തൊക്കെയോ അഭ്യസിക്കാൻ നിനക്കു കഴിഞ്ഞേക്കും. എന്നാൽ നിനക്ക് ജീവൻ പ്രാപിക്കുവാൻ കഴിയില്ല! അവിടെ തോന്നലേയുള്ളു യാഥാർഥ്യമില്ല... അതൊരു മായികലോകമാണ്... അത് ജീവനല്ല, ജീവിതവുമല്ല...

പാവയുടെ കയ്യിലും കാലുകളിലും നൂലിട്ടു കെട്ടി കളിപ്പിച്ച് പാവ കളിക്കാരൻ പാവയെക്കൊണ്ട് ഡാൻസുകളിപ്പിക്കുമ്പോൾ പാവയ്ക്ക് ജീവനുണ്ടെന്ന് കാഴ്ച്ചക്കാരനു തോന്നിപ്പോകും.... അതു കലയാണ്! അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചുകിടക്കുന്ന മനുഷ്യനെ (എഫെസ്യർ 2:1) ആരെങ്കിലും മായച്ചരടുകളിട്ട് വലിച്ച് നൃത്തത്തിന്റെ ചുവടുകൾ വെയ്പിച്ചാൽ അത് ജീവിതമല്ല... അത് കപടനൃത്തമാണ്! കള്ളുകുടിച്ച്, ഡ്രഗ്സ് ചവച്ച്, ബാറുകളിലും ഡിസ്ക്കോ ക്ലബുകളിലും ദ്രുതതാളത്തിൽ ചുവടുകൾ വെയ്ക്കുന്ന പുതുതലമുറയുടെ നൃത്തത്തെ zombie dance എന്നേ വിളിക്കാൻ പറ്റൂ... ശവത്തെ 'ജീവനകല' അഭ്യസിപ്പിക്കുന്നത് പാഴ്വേലയാണ്! മരിച്ചു കിടക്കുന്നവന് ആവശ്യമായിരിക്കുന്നത് 'കല'യല്ല "ജീവനാ"ണ്! ജീവൻനൽകുവാൻ ഭൂമിയിൽ വന്നത് യേശുമാത്രം! (യോഹന്നാൻ 10:10).

യെഹെസ്കേൽ പ്രവചനം 47-ാം അദ്ധ്യായമാണ് നമ്മുടെ വേദഭാഗം! ദൈവാലയത്തിൽ നിന്നു പുറപ്പെട്ട് മരുപ്രദേശത്തു കൂടെയൊഴുകി കടലിലെത്തുന്ന ആത്മനദിയുടെ പ്രവാഹത്തിൽ യെഹെസ്ക്കേൽ നടന്നു മുന്നേറുകയാണ്... ഒഴുക്കു മുന്നേറുന്നതനുസരിച്ച് നദി ഉയർന്നു പൊങ്ങിക്കൊണ്ടിരുന്നു. നരിയാണിയോളവും മുട്ടോളവും അരയോളവും വെള്ളത്തിൽ നടന്ന് മുന്നോട്ടുപോയ യെഹെസ്ക്കേൽ ഒടുവിൽ നീന്തിയിട്ടല്ലാതെ മുന്നോട്ടുപോകുവാൻ കഴിയാത്ത അവസ്ഥയിലെത്തി...പൂർണ്ണമായും ആത്മനിയന്ത്രിതമായ ജീവിതം! എന്നാൽ, ഒഴുകിയൊഴുകി ഈ നദി എങ്ങോട്ടു പോകുന്നു?

"അപ്പോൾ അവൻ എന്നോട് അരുളിച്ചെയ്തു ഈ വെള്ളം കിഴക്കെ ഗലീലയിലേക്ക് പുറപ്പെട്ട് അരാബായിലേക്ക് ഒഴുകി കടലിൽ വീഴുന്നു..."( യെഹെസ്കേൽ 47:8) വെള്ളം കിഴക്കോട്ടാണൊഴുകുന്നത്- കിഴക്ക് ഗലീലയിലേക്ക്... അത് മരുഭൂമിയിലൂടെ (അരാബാ) ഒഴുകി കടലിലെത്തുന്നു... സ്ഥാനം നോക്കിയാൽ ഇത് ചാവുകടൽ (Dead sea) ആണ്. അവിടെ വരെയുള്ള ഒഴുക്കിനെപ്പറ്റി മാത്രമെ ഇവിടെ പറയുന്നുള്ളൂ... നദിയുടെ പ്രവാഹം ഓരോ ആയിരം മുഴത്തിനും ഉയർന്നുയർന്നു വരികയാണെങ്കിൽ ഒഴുക്ക് ഉപ്പുകടലിൽ ചെന്ന് അവസാനിക്കേണ്ടതല്ല... വീണ്ടുമൊഴുകി അത് അക്വാബാ ഉൾക്കടലിലെത്തിയേക്കാം.. അതുവഴി നദി പിന്നെയും അറബിക്കടലിലൂടെ ഒഴുകി ഇന്ത്യാ മഹാസമുദ്രത്തിലുമെത്താം. ആത്മനദിയുടെ പ്രവാഹത്തിന് നമുക്ക് തടയിടാൻ പറ്റില്ലല്ലോ! തല്ക്കാലം നമുക്ക് യെഹെസ്ക്കേലിന്റെ കൂടെ യാത്ര ചെയ്യാം... കർത്താവ് പറഞ്ഞു: ഈ വെള്ളം ഒഴുകിച്ചെന്ന് കടലിൽ വീണിട്ട് അതിലെ വെള്ളം പഥ്യമായിത്തീരും!

ശ്രദ്ധിക്കുക... നദിയിലെ ശുദ്ധജലം കടലിലെത്തി കടലിലെ ഉപ്പുവെള്ളം ശുദ്ധജലമായിത്തീരുമെന്ന്! സ്വാഭാവികമായും എന്താണു സംഭവിക്കേണ്ടത്? പ്രകൃതിയിൽ എന്താണു നടക്കുന്നത്? മഞ്ഞുരുകിയും ഉറവകൾ ചാലു കീറിയും പ്രകൃതി കനിഞ്ഞു നല്കുന്ന ശുദ്ധജലം അരുവിയായി നദിയായി ഒഴുകി കടലിലെത്തുന്നത് സാധാരണ കാഴ്ചയാണ്. ഉറവയിങ്കലെ ശുദ്ധജലം കോരി കുടിക്കാൻ നമുക്ക് മടിയില്ല.... ഒഴുകും തോറും അതിൽ മാലിന്യം കൂടിക്കൊണ്ടിരിക്കും. ഒടുവിൽ ഒഴുകി കടലിലെത്തുമ്പോഴോ? കടലിലേത് ഉപ്പുവെള്ളമാണ്- കുടിക്കാൻ കൊള്ളില്ല. നദിയിലെ ശുദ്ധജലം കടലിലെത്തിയാലോ? ശുദ്ധമായ നദീജലത്തെയുംകൂടെ കടൽജലം ഉപ്പുള്ളതാക്കുന്നു ... നദീജലം കൂടെ ഉപ്പുവെള്ളമായിത്തീരുന്നു! ഇതാണ് സ്വാഭാവിക പരിണാമം... എന്നാൽ ഇവിടെയിതാ സ്വഭാവികത തിരിഞ്ഞു മറിയുന്നു.

ആത്മനദി മരുഭൂമിയിലൂടെ ഒഴുകി കടലിലെത്തുമ്പോൾ കടലിലെ ഉപ്പുവെള്ളം കൂടെ ശുദ്ധജലമായിത്തീരും (യെഹെസ്കേൽ 47:8). ഇതാണ് ദൈവാത്മാവിന്റെ പ്രവൃത്തി. ആത്മനദി ആലയത്തിനുള്ളിൽ പരിമിതപ്പെടുത്താനുള്ളതല്ല...അതു പുറത്തോട്ടൊഴുകണം. ഇന്നു പലപ്പോഴും പരിശുദ്ധാത്മാവിനെ സഭയ്ക്കുള്ളിൽ പൂട്ടിയിടാനാണ് പലർക്കും താൽപര്യം. എന്നാൽ ആത്മനദിയുടെ ഒഴുക്കുതുടങ്ങുന്നത് ആലയത്തിൽ നിന്നാണെങ്കിലും അത് പുറത്തേക്ക് മരുഭൂമിയിലേക്ക്, മലീമസമായ കടലിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്.

ഞായറാഴ്ച ആരാധനകളിലെ വികാര പ്രകടനങ്ങൾക്ക് ശക്തി പകരാനല്ല ദൈവം പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ചത്. ഒരു പ്രവാഹമായി ലോകത്തിലേക്ക് ഒഴുകാനാണ്. നദി പുറത്തേക്കൊഴുകുമ്പോൾ യെഹെസ്കേലും അതിൽ മുങ്ങി പുറത്തേക്കൊഴുകുകയാണ്. വ്യക്തിജീവിതത്തിലെ ചില്ലറക്കാര്യങ്ങളുടെ ലഭ്യതയ്ക്കായി പരിശുദ്ധാത്മാവിനെ ഉപയോഗിക്കുകയല്ല; പ്രത്യുത, പരിശുദ്ധാത്മാവിന്റെ ഒഴുക്കിൽ സ്വയം ഏൽപിച്ചുകൊടുക്കാനാണ് യെഹെസ്കേൽ പരിശ്രമിച്ചത്. ഇന്നും അത്യാവശ്യമായിരിക്കുന്നത് അതാണ്- പരിശുദ്ധാത്മാവിനെ ഉപയോഗിക്കുന്നതു നിർത്തി പരിശുദ്ധാത്മാവിൽ 'ഉപയോഗിക്കപ്പെടുവാൻ' ഏല്പിച്ചുകൊടുക്കുക. അപ്പോൾ നമുക്ക് ദൈവം ചെയ്യുന്ന അത്ഭുതകാര്യങ്ങൾ കാണുവാനും അതിൽ ഭാഗഭാക്കാകുവാനും കഴിയും.

വിശുദ്ധസ്ഥലത്തുനിന്നാണ് ആത്മനദി പുറപ്പെടുന്നതെങ്കിലും നദി ഒഴുകിച്ചെല്ലുന്നത് വിശുദ്ധസ്ഥലത്തേക്കല്ല, ശരിക്കും പറഞ്ഞാൽ അശുദ്ധിയുടെ കൂമ്പാരത്തിലേക്ക്. അതിന്റെ പ്രവാഹം മരുഭൂമിയിലൂടെയാണ്. പഴയ സോദോമിന്റെയും ഗൊമോറയുടെയും അവശിഷ്ടങ്ങൾ. വിഷലിപ്തമായ സൾഫർ പ്രതലങ്ങളാണ് ആ സ്ഥലങ്ങളെ പുല്ലുപോലും മുളയ്ക്കാത്ത മരുഭൂമിയാക്കിയത്. എന്നാൽ ആത്മാവിന്റെ നദിയൊഴുക്ക് അക്കരെയും ഇക്കരെയും ഉള്ള അറാബ (മരുഭൂമി)യെ ഒരു ഉദ്യാനമെന്നപോലെയാക്കി. നദീതീരത്ത് അക്കരെയും ഇക്കരെയും അനവധിവൃക്ഷങ്ങൾ പൂത്തുലഞ്ഞു നിൽക്കുന്ന കാഴ്ചയാണ് പിന്നീടു കാണുന്നത് (യെഹെസ്കേൽ 47:7).

ആത്മാവ് മരുഭൂമിയെ ഉദ്യാനമാക്കിത്തീർക്കുന്നു... "ഉയരത്തിൽ നിന്ന് ആത്മാവിനെ നമ്മുടെ മേൽ പകരുവോളം തന്നെ... അപ്പോൾ മരുഭൂമി ഉദ്യാനമായിത്തീരും, ഉദ്യാനം വനമായി എണ്ണപ്പെടും" (യെശയ്യാവ്:32:15). ലോകത്തിൽ ലവണസാന്ദ്രത ഏറ്റവും കൂടിയ കടലാണ് ചാവുകടൽ. കുമ്റാൻ മരുഭൂമിയെ ഫലഭൂയിഷ്ടമാക്കിക്കൊണ്ട്

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# അപ്രസക്തമാക്കുന്ന ഉന്നതമായ വ്യവസ്ഥ

(എബ്രായർ 10: 15 - 18)

**ദൈ**വത്തിന്റെ ന്യായപ്രമാണം ഒരിക്കലും നീങ്ങിപ്പോകുന്നില്ല. പുതിയനിയമത്തിൽ അത് ഹൃദയങ്ങളിൽ എഴുതപ്പെടുകയാണ് ചെയ്യുന്നത്. പതിനാലാം വാക്യത്തിൽ നാം കാണുന്നത് ഏകയാഗത്താൽ ശുദ്ധീകരിക്കപ്പെടുന്നവർക്ക് എന്നെന്നേക്കുമുള്ള സൽഗുണപൂർത്തി കർത്താവ് വരുത്തിയിരിക്കുന്നു എന്നാണ്. ഈ സൽഗുണപൂർത്തി നമുക്ക് ലഭിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവ് എങ്ങനെയാണ് ഈ നിത്യമായ സൽഗുണപൂർത്തിക്ക് സാക്ഷ്യം വഹിക്കുന്നത്? ഈ വാക്യങ്ങളിലൂടെ വ്യക്തമാകുന്നത് പരിശുദ്ധാത്മാവിന്റെ സാക്ഷ്യം വചനത്തിലൂടെയാണ് തെളിയിക്കപ്പെടുന്നത് എന്നാണ്. യിരമ്യാപ്രവാചകന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ 'ഈ കാലം കഴിഞ്ഞശേഷം ഞാൻ അവരോട് ചെയ്യുവാൻ ഇരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിൽ ആക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും' എന്ന് കർത്താവിന്റെ അരുളപ്പാട്.

അതുമാത്രമല്ല, ഈ യാഗത്തിലൂടെ വിശുദ്ധീകരിക്കപ്പെടുന്നവരുടെ അഥവാ നിത്യമായ സൽഗുണപൂർത്തി നേടിയവരുടെ പാപത്തെയും അകൃത്യത്തെയും ദൈവം ഇനി ഓർക്കുകയില്ല എന്ന് അവിടെ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ ഏകയാഗം കൊണ്ട് ദൈവം നിർവഹിച്ചത് രണ്ടു കാര്യങ്ങളാണ്. പാപം എന്നന്നേക്കുമായി ക്ഷമിക്കപ്പെടുകയും, ക്രിസ്തുവിന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടവർക്ക് നിത്യമായ സൽഗുണപൂർത്തി നൽകുകയും ചെയ്തു. അതുകൊണ്ട് പാപങ്ങൾ മോചിക്കപ്പെട്ടതിനാൽ ഇനി ഒരു യാഗവും അവശേഷിക്കുന്നില്ല.

ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രസ്താവനയാണ്. ഇതിനർത്ഥം യാഗങ്ങൾ ആവർത്തിക്കുന്നതിൽ പ്രസക്തിയില്ല എന്നാണ്. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഒരു ഇടനിലക്കാരനോ, ഒരു കർമ്മമോ ഇനി നമുക്ക് ആവശ്യമില്ല. ദൈവത്തിന്റെ അടുത്തുചെല്ലുവാൻ ക്രിസ്തുവിന്റെ ഏകയാഗത്തിൽ വിശ്വസിക്കുന്ന ആർക്കും യാതൊരു തടസ്സവും ഇല്ല. മതപരമായ ആചാരങ്ങളും യാഗങ്ങളും എന്നെന്നേക്കുമായി അപ്രസക്തമായിരിക്കുന്നു. ഇത് മതങ്ങളുടെ അന്ത്യമാണ് കുറിക്കുന്നത്. എന്നാൽ മനുഷ്യൻ അവന്റെ പഴയപ്രകൃതത്തിൽ പാപത്തിനും മത

ത്തിനും അടിമ ആയതുകൊണ്ട് വീണ്ടും വീണ്ടും വ്യർത്ഥമായ കർമ്മാചാരങ്ങളിൽ പെട്ടുപോകുന്നത് നമുക്ക് കാണാൻ സാധിക്കും. വീണ്ടും വീണ്ടും ഇടനിലക്കാർ സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കും, പുതിയ പുതിയ കർമ്മാനുഷ്ഠാനങ്ങൾ കണ്ടുപിടിക്കപ്പെട്ടു കൊണ്ടിരിക്കും. ദൈവപ്രസാദം വേണമെങ്കിൽ ഇനി കുറച്ചു കാര്യങ്ങൾ കൂടെ നമ്മൾ ചെയ്യാനുണ്ട്, യേശുക്രിസ്തുവിന്റെ യാഗത്താൽ ഒന്നും പൂർത്തിയായിട്ടില്ല, തുടങ്ങിവെച്ചിട്ടേ ഉള്ളൂ, ബാക്കി കാര്യങ്ങൾ പൂർത്തിയാക്കുവാൻ ഞങ്ങൾ നിങ്ങളെ സഹായിക്കാം എന്നിങ്ങനെയാണ് പുതിയ മതത്തിന്റെ ഗതി.

പാരമ്പര്യ ക്രിസ്തീയസഭകളിൽ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്ന പാപയാഗങ്ങൾ യേശുക്രിസ്തുവിന്റെ ക്രൂശിനെ നിസ്സാരമാക്കിക്കളയുന്നു. അവർ പൗരോഹിത്യത്തെ വീണ്ടും പുന:സ്ഥാപിച്ച്, പഴയ കർമ്മമാർഗ്ഗങ്ങളിലേക്ക് മനുഷ്യരെ നയിച്ച്, പിന്നെയും അവരെ ബന്ധനത്തിൽ ആക്കുന്നു. എന്നാൽ സഭയെ നവീകരണത്തിലേക്ക് നയിച്ചവർ ഇനി അതിന്റെ ആവശ്യമില്ല എന്ന് പഠിപ്പിക്കുകയും ക്രിസ്തുവിന്റെ ഏകയാഗത്തിൽ വിശ്വസിക്കുവാൻ ജനത്തെ ബോധവത്ക്കരിക്കുകയും ചെയ്തു. തത്ഫലമായി മതവ്യവസായം ഇല്ലാതായി പക്ഷേ മനുഷ്യർ സ്വാഭാവികമായും പാപവും സ്വയനീതിയും ഒരേസമയം ക്രമീകരിച്ചു കൊണ്ടുപോകുന്നവരായതുകൊണ്ട് അവർക്ക് മതമില്ലാതെ ജീവിക്കാൻ സാധ്യമല്ല. അതുകൊണ്ട് നവീകരണത്തിന്റെ ഫലമായി ഉണ്ടായ സഭകളിൽ പോലും ക്രമേണ മതം ഉയർന്നിരിക്കുന്നു. ഇന്ന് പല പ്രസംഗകരും, ശാപങ്ങൾ ബാക്കി കിടക്കുകയാണ്, ശാപം ഞങ്ങൾ മുറിച്ചാൽ മാത്രമേ നിങ്ങൾ രക്ഷപ്പെടുകയുള്ളൂ എന്നൊക്കെ പറഞ്ഞ് വിശ്വാസികളെ വീണ്ടും മതത്തിന്റെ ഇടനിലക്കാരിലേക്കും അടിമത്തത്തിലേക്കും കൊണ്ടെത്തിച്ചിരിക്കുകയാണ്.

ന്യായപ്രമാണം ഹൃദയത്തിൽ ദൈവം തന്നെ എഴുതിയിരിക്കെ, അങ്ങനെ ഹൃദയത്തിൽ എഴുതപ്പെടാത്ത ആചാരപരമായ നിയമങ്ങളെ ഉയർത്തികാണിച്ചുകൊണ്ട് വിശുദ്ധിയുടെ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കപ്പെടുന്നു. യേശുക്രിസ്തുവോ ശിഷ്യന്മാരോ പഠിപ്പിക്കാത്ത വിശുദ്ധിയുടെ പുതിയ വ്യവസ്ഥകൾ മനുഷ്യർ സൃഷ്ടിക്കുന്നു. ഇങ്ങനെ പല രൂപത്തിൽ മതങ്ങൾ ചരിത്രത്തിലൂടെ പുനരവതാരം ചെയ്തുകൊണ്ടിരിക്കുന്നു.

**വീണ്ടുംജനിക്കുമ്പോൾ ഒരുവൻ പുതിയ സൃഷ്ടിയായി മാറുന്നു. അവന്റെ ഹൃദയത്തിൽ നിന്ന് എല്ലാ വിഗ്രഹങ്ങളും എടുത്തു മാറ്റപ്പെടുന്നു. അവിടെ ദൈവത്തിന്റെ നിയമങ്ങൾ എഴുതപ്പെടുന്നു. എന്നാൽ ശരീരം വീണ്ടെടുക്കപ്പെടുന്നതുവരെയും ജഡസ്വഭാവങ്ങൾ നമ്മെ ഒരു ആത്മീക യുദ്ധത്തിലേക്ക് നയിച്ചേക്കാം.**

എബ്രായ ലേഖനം നാലാം അധ്യായത്തിൽ, ക്രിസ്തുവിന്റെ യാഗത്തിലൂടെ ദൈവം നമുക്ക് തന്നത് ദൈവീക സ്വസ്ഥതയിലേക്കുള്ള പ്രവേശനമാണ്. നാം സ്വസ്ഥരായി, നല്ല മന:സാക്ഷിയുള്ളവരായി ഇരിക്കേണ്ടത് നമ്മുടെ വിശുദ്ധികരണത്തിനും അനുസരണത്തിനും അത്യാവശ്യമാണ്. ക്രിസ്തുവിന്റെ യാഗത്തിൽ വിശ്വസിക്കുന്നവർക്ക് പൂർണ്ണസമാധാനവും പാപങ്ങൾക്ക് നിത്യമായ മോചനവും ലഭിച്ചിട്ടില്ല എങ്കിൽ അവർ എങ്ങനെ സ്വസ്ഥതയിൽ പ്രവേശിക്കും? റോമാലേഖനത്തിൽ പൗലോസ് പറയുന്നു: വിശ്വാസത്താൽ നീതികരിക്കപ്പെട്ടതുകൊണ്ട് നമുക്ക് യേശുക്രിസ്തു മൂലം പിതാവായ ദൈവത്തോട് സമാധാനമുണ്ട്. ഈ സമാധാനമാണ് ദൈവസന്നിധിയിലേക്ക് ധൈര്യത്തോടുകൂടി ചെല്ലുവാനും പ്രത്യാശയോടെ കർത്താവിന്റെ വരവിനു വേണ്ടി കാത്തിരിക്കുവാനും നമ്മെ സഹായിക്കുന്നത്.

ഒരുവൻ വീണ്ടുംജനിക്കുമ്പോൾ അവൻ പുതിയ സൃഷ്ടിയായി മാറുന്നു. അവന്റെ ഹൃദയത്തിൽ നിന്ന് എല്ലാ വിഗ്രഹങ്ങളും എടുത്തു മാറ്റപ്പെടുന്നു. അവിടെ ദൈവത്തിന്റെ നിയമങ്ങൾ എഴുതപ്പെടുന്നു. എന്നാൽ ശരീരം വീണ്ടെടുക്കപ്പെടുന്നതുവരെയും ജഡസ്വഭാവങ്ങൾ നമ്മെ ഒരു ആത്മീകയുദ്ധത്തിലേക്ക് നയിച്ചേക്കാം. പരാജയപ്പെടുന്നതായി പലപ്പോഴും നമുക്ക് തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സ്ഥിരമാണ് എന്ന് എബ്രായലേഖനം നമ്മെ പഠിപ്പിക്കുന്നു. •

**എങ്ങനെയാണ് പഴയനിയമം നിറവേറിയത്?**

പഴയനിയമത്തിൽ ആചാരങ്ങളും പാപമോചന പ്രക്രിയകളും ഒരു മതം പോലെ നമ്മൾ കാണുന്നുണ്ടെങ്കിലും അത് വരാനിരിക്കുന്ന നന്മകളുടെ നിഴൽ ആയിരുന്നു എന്ന് ഈ അധ്യായത്തിന്റെ ആദ്യഭാഗങ്ങളിൽത്തന്നെ കണ്ടുകഴിഞ്ഞു. അനേകം യാഗങ്ങളിലൂടെ വീണ്ടുംവീണ്ടും ആവർത്തിക്കപ്പെട്ടിരുന്ന പാപമോചന പ്രക്രിയകൾ ഒരിക്കലും നിത്യമായ സമാധാനം ആർക്കും നൽകിയില്ല, എന്നാൽ അതെല്ലാം സൂചിപ്പിച്ചത് നിത്യമായ ഒരു യാഗത്തെയും അതിലൂടെ വിശ്വാസിക്ക് ലഭിക്കുന്ന, ഒരിക്കലും അവസാനിക്കാത്ത സമാധാനത്തെയും ആണ്.

പാപം എത്ര കാഠിന്യം ഉള്ളതാണ് എന്നും അത് ദൈവത്തെ എത്രമാത്രം വേദനിപ്പിക്കുന്നു എന്നും പഴയനിയമ യാഗങ്ങളിലൂടെ നാം മനസ്സിലാക്കുന്നു. വേദപുസ്തകത്തിൽ പുതിയനിയമം മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ, ഒരിക്കലും പാപത്തിന്റെ ഭീകരത നമുക്ക് അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഗ്രഹിക്കാൻ കഴിയുമായിരുന്നില്ല. മനുഷ്യരുടെ ദൈവത്തോടുള്ള ശത്രുത്വവും പാപത്തോടുള്ള ആസക്തിയും ദൈവകോപത്തിന് കാരണമായി. എങ്കിലും അതൊന്നും നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തെ ഒട്ടും കുറച്ചില്ല.

ന്യായപ്രമാണത്തിലൂടെ നിഷ്ക്കർഷിക്കപ്പെട്ട നീതിവ്യവസ്ഥകൾ യേശുക്രിസ്തുവിന്റെ പൂർണ്ണമായ അനുസരണത്തിലൂടെ നിവർത്തിയാവുകയും

## മനുഷ്യരുടെ പാപത്തോടുള്ള ആസക്തി ദൈവകോപത്തിന് കാരണമായി.

അവനിൽ വിശ്വസിക്കുന്നവർക്ക് അത് സൽഗുണപൂർത്തിക്ക് കാരണമായിത്തീരുകയും ചെയ്തു. അതുകൊണ്ട് യേശുക്രിസ്തു തന്നെയാണ് നമ്മുടെ നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പും. നീതിക്ക് ദൈവം വെച്ചിരിക്കുന്ന മാനദണ്ഡം യേശുക്രിസ്തു തന്നെയാണ്. ജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും മാനദണ്ഡവും യേശുക്രിസ്തു തന്നെയാണ്. ഇങ്ങനെ ക്രിസ്തുവിന്റെ നീതിയും വിശുദ്ധിയും എന്ന മാനദണ്ഡം സകല ന്യായപ്രമാണവ്യവസ്ഥകളെയും നിറവേറ്റുന്ന, അതേസമയം ന്യായപ്രമാണവ്യവസ്ഥകളെ അപ്രസക്തമാക്കുന്ന ഉന്നതമായ വ്യവസ്ഥയാണ്. ഇനിമേൽ മനുഷ്യരുടെ ഒരു നീതിയും, വിശുദ്ധിയുടെ പ്രവർത്തനങ്ങളും ദൈവത്തിനു സ്വീകാര്യമല്ല. യേശുക്രിസ്തുവിലൂടെയല്ലാതെ ഒന്നും ദൈവം അംഗീകരിക്കുകയില്ല. ദൈവം അത് കുഞ്ഞാടിന്റെ നീതി വസ്ത്രം ആയി കൃപയാൽ നമ്മെ അണിയിച്ചിരിക്കുന്നു. എന്നാൽ ഇപ്പോഴും വീണ്ടെടുപ്പിനായി കാത്തിരിക്കുന്ന നമ്മുടെ ശരീരത്തിൽ പലപ്പോഴും അത് അനുഭവിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് നാം ഈ ജഡത്തിൽ ഞരങ്ങിക്കൊണ്ട് ക്രിസ്തുവിനെ നേടുന്നതിനായി വിശ്വാസത്താൽ ഓടിക്കൊണ്ടിരിക്കുന്നു. •

### ജീവിതം വിജയമാക്കിത്തീർക്കാൻ

- *നീ വിസ്മരിക്കപ്പെടുമ്പോഴും കരുതപ്പെടുമ്പോഴും മന:പൂർവ്വം നിഷേധിക്കപ്പെടുമ്പോഴും അപമാനവും അവഗണനയും പുഞ്ചിരിയോടെ സഹിച്ചാൽ അതുതന്നെ വിജയം.*
- *നിന്നിലുള്ള നന്മ തിന്മയായി ചിത്രികരിക്കപ്പെടുമ്പോഴും നിന്റെ ആഗ്രഹങ്ങൾ തിരസ്കരിക്കപ്പെടുമ്പോഴും നിന്റെ അഭിരുചി (താൽപര്യം) ഭഞ്ജിക്കപ്പെടുമ്പോഴും നിന്റെ അഭിപ്രായങ്ങൾ അവഹേളിക്കപ്പെടുമ്പോഴും അവയെ നീ അഭിനന്ദനത്തോടെ സഹിച്ചാൽ അത് വിജയം തന്നെ.*
- *ഏതു ഭക്ഷണത്തിലും ഏതു വസ്ത്രത്തിലും ഏതു കാലാവസ്ഥയിലും ഏതു സമൂഹത്തിലും ഏതു ഏകാന്തതയിലും ഏതു പ്രതിബന്ധത്തിലും നിന്നെ സംബന്ധിച്ചുള്ള ദൈവഹിതമാണതെന്നു കരുതി സംതൃപ്തനായിരുന്നാൽ വിജയം അതത്രെ.*
- *ഏത് അനർത്ഥവും ഏത് പ്രതിസന്ധിയും ഏത് അനീതിയും ഏത് ക്ലേശവും ഏതു ഞെരുക്കവും നീ സഹിച്ചാൽ അത് വിജയം.*
- *നിന്റെ യോഗ്യതയോ പ്രശംസയോ അഭിലാഷങ്ങളോ മാനിക്കപ്പെടാതെ നീ അപരിചിതനായി ഗണിക്കപ്പെടാൻ മനസ്സായാൽ അത് ആകുന്നു വിജയം.*
- *സകലത്തേയും ജയിച്ച യേശുവിൽ നിന്റെ ജീവിതം മുഴുവൻ സമർപ്പിക്കപ്പെട്ടു എങ്കിൽ അതത്രേ പൂർണ്ണവിജയം.*



**വാച്ച്മാൻ നീ**

# ദൈവത്തിന്റെ ശബ്ദമാകുവാൻ...

**നി**യന്ത്രണമില്ലാത്ത നാവ് നിമിത്തം പല ക്രിസ്തീയ വേലക്കാരും പ്രയോജനം ഇല്ലാത്തവരായിരിക്കുന്നു. കരുതലില്ലാത്ത സംസാരം നിമിത്തം കർത്താവിന്റെ കരങ്ങളിലെ ഉപകരണങ്ങൾ ആകുവാൻ കഴിയാതെ ശക്തിക്ഷയം ഭവിച്ച് അധ:പതിക്കുന്നു. ദൈവപൈതൽ ബുദ്ധിഹീനമായ പല കാര്യങ്ങളെക്കുറിച്ചും സംസാരിക്കുകയാണെങ്കിൽ ആത്മനിറവിൽ ജീവിക്കുന്നതിനും ദൈവവചനം പ്രസംഗിക്കുന്നതിനും ആ വ്യക്തി എങ്ങനെ പ്രയോജനപ്പെടും? ഇക്കാര്യത്തിൽ പശ്ചാത്തപിക്കുന്നവരെ ദൈവത്തെ സേവിക്കുന്നതിനായി ദൈവം യഥാസ്ഥാനപ്പെടുത്തും. അധമമായതു ഉപേക്ഷിച്ച് ഉത്തമമായത് സംസാരിച്ചാൽ ദൈവത്തിന്റെ നാവായിത്തീരും എന്ന് യിരമ്യാവ് 15:19 ൽ കാണുന്നു.

സഭാപ്രസംഗി 5:3 ൽ 'വാക്കുകളുടെ പെരുപ്പത്തിൽ ഭോഷന്റെ ജല്പനം സംജാതമാകുന്നു' എന്നാണ്. ജല്പനം മൂലം ഭോഷത്തം വെളിപ്പെടുകയാണ് ചെയ്യുന്നത്. നാവിനു നിയന്ത്രണം ഇല്ലാത്തവർ തങ്ങളുടെ നിലയും വിലയും മറന്നു ആരോടും എന്തും പറയുന്നവരായിരിക്കും. അതിനാൽ പ്രയോജനകരമായ പറയേണ്ട കാര്യങ്ങൾ പറയുവാൻ കഴിയുന്നുമില്ല. പറയുവാൻ പാടില്ലാത്ത പല കാര്യങ്ങൾ പറയുകയും ചെയ്യുന്നു. പ്രാർത്ഥനയിലൂടെ ലഭിച്ച ആത്മീയമായ ശക്തി പലപ്പോഴും ജല്പനം മൂലം നഷ്ടപ്പെടുന്നു.

ആളുകൾ നമ്മുടെ അടുക്കൽ കുറ്റങ്ങളും കുറവുകളും പറയുവാൻ നിരന്തരം വരുന്നുണ്ടെങ്കിൽ അതിന്റെ അർത്ഥം അത് കേൾക്കുവാൻ നമുക്ക് വളരെ ഇഷ്ടം ഉണ്ട് എന്നാണ്. ഇത്തരം സംഭാഷണങ്ങളൊക്കെ കേൾപ്പിക്കുവാൻ പറ്റുന്ന ആളാണ് നാം എന്ന് അവർക്കറിയാം. ആളുകൾ നമ്മോട് എന്താണ് പറയുന്നത് എന്നതിനെ അടിസ്ഥാനമാക്കി, നാം ആത്മീയരാണോ ജഡികരാണോ എന്ന് തിരിച്ചറിയാൻ കഴിയും. ആവശ്യമില്ലാത്ത കാര്യങ്ങൾ കേൾക്കുവാൻ നാം വിമുഖരാണെന്നു കണ്ടാൽ അവർ നമ്മെ സമീപിക്കുവാൻ മടിക്കും എന്നതാണ് സത്യം. മത്തായി 5: 37 ൽ 'നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല , ഇല്ല എന്നും ആയിരിക്കട്ടെ, അതിലധികമായത് ദുഷ്ടനിൽ നിന്നും വരുന്നു' എന്ന് യേശുക്രിസ്തു പറഞ്ഞു. ഈ വചനാടിസ്ഥാനത്തിൽ നാം ഒരിക്കലും ഇരുവാക്കുകാരാകുവാൻ പാടില്ല. ചിലയാളുകൾ തങ്ങളുടെ ബലഹീനതയിൽ ഇരുവാക്കുകാരാകാറുണ്ട്.

കർത്താവിന്റെ ദാസന്മാർ ജനങ്ങളോട് നിരന്തരസമ്പർക്കം പുലർത്തേണ്ട

തായിട്ടുണ്ട്. ദൈവത്തിന്റെ ദാസന്മാർ എന്ന നിലയിൽ പ്രാർത്ഥിക്കുവാൻ പലപ്പോഴും പലരും അവരെ സമീപിക്കാറുണ്ട്. അങ്ങനെ ജനങ്ങൾ പറയുന്നത് കേൾക്കുവാനും അവരുമായി സംഭാഷിക്കുവാനും അവസരങ്ങളും ഉണ്ടാകുന്നു. അതിനാൽ എന്ത് കേൾക്കുന്നു എന്നതിലും, എങ്ങനെ ഉത്തരം പറയുന്നു എന്നതിലും വളരെ സൂക്ഷ്മത ഉള്ളവരായിരിക്കണം. മറ്റാരോടും പറയാതെ അവരുടെ മനോവേദന നിമിത്തം വേദനപ്പെടുത്തുന്ന രഹസ്യങ്ങൾ പോലും പ്രാർത്ഥനയ്ക്കായി അറിയിക്കുന്നു. ഇക്കാര്യം ശ്രവിച്ചവർ മറ്റാരാടും പറയുകയില്ല എന്നാണ് അവരുടെ ബോധ്യം. വിശ്വാസം ഇല്ലായിരുന്നു എങ്കിൽ ഒരിക്കലും അവർ അവരുടെ വിഷയങ്ങൾ പറയുമായിരുന്നില്ല. നമ്മുടെ ശ്രേഷ്ഠത കണ്ടിട്ടല്ല മറിച്ച് ദൈവം നമ്മെ ഏൽപ്പിച്ച ശുശ്രൂഷയുടെ ശ്രേഷ്ഠത വിചാരിച്ചാണ് അവർ അങ്ങനെ ചെയ്തത്. എന്നാൽ പ്രാർത്ഥനയ്ക്കായി മറ്റുള്ളവർ പറഞ്ഞ അവരുടെ ഭാരങ്ങൾ പരസ്യമാക്കുന്നു എങ്കിൽ നാവിനു കടിഞ്ഞാണിടുവാൻ പഠിക്കേണ്ടിയിരിക്കുന്നു. നമ്മിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം ഭദ്രമായി സൂക്ഷിക്കുന്നതിൽ നാം ശ്രദ്ധയുള്ളവരാകണം. നാവിനു കടിഞ്ഞാണിടുവാൻ കഴിയാത്ത അവസ്ഥ നമുക്കുണ്ടെങ്കിൽ പിന്നീട് പലരും നമ്മെ സമീപിക്കുവാൻ വിമുഖത കാണിക്കും.

നുണ പറയുന്നത് ദുഷിച്ച സ്വഭാവമാണ്. ചതിക്കണമെന്ന് ഉദ്ദേശത്തോടുകൂടി ചെയ്യുന്ന എല്ലാ സംസാരവും നുണയുടെ കൂട്ടത്തിൽ പെടുന്നു. ചതിക്കാനുള്ള ഉദ്ദേശ്യം മനപ്പൂർവ്വമാണ്. ഏതുകാര്യം ആണെങ്കിലും നുണയല്ല, സത്യം തന്നെ ആളുകൾ വിശ്വസിക്കണം എന്നാണ് നാം ആഗ്രഹിക്കേണ്ടത്. അതുകൊണ്ട് മറ്റുള്ളവരിൽ തെറ്റായ ധാരണ ഉണ്ടാക്കാതിരിക്കാൻ ശരിയായ വാക്കുകൾ മാത്രം സംസാരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കാര്യം സത്യമാണെങ്കിൽ 'അതെ' എന്ന് പറയുവാനും, സത്യമല്ലാ എങ്കിൽ 'അല്ല' എന്ന് പറയുവാനും നാം പഠിക്കണം. കർത്താവ്, തന്നെ അനുഗമിച്ച ചിലരോട് വളരെ കർശനമായ രീതിയിൽ ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ പിശാച് എന്ന പിതാവിന്റെ മക്കൾ, അവൻ ഭോഷ്ക്കു പറയുമ്പോൾ സ്വന്തത്തിൽ നിന്ന് എടുത്തുപറയുന്നു. അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു' (യോഹന്നാൻ 8:44).

**പറയുന്നത് സ്ഥാപിക്കുവാൻ വേണ്ടി വളരെ ഉറക്കെ സംസാരിക്കണം എന്ന് യാതൊരു നിർബന്ധവുമില്ല. സത്യമെന്ന് നല്ല ബോധ്യമുള്ളതുകൊണ്ട് വളരെ ഉറക്കെ സംസാരിച്ചെങ്കിൽ മാത്രമേ മറ്റുള്ളവർ വിശ്വസിക്കാവൂ എന്നുമില്ല.**

എന്നാൽ കർത്താവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് 'അവിടുന്ന് കലഹിക്കുകയില്ല, നിലവിളിക്കുകയില്ല, ആരും തെരുക്കളിൽ അവന്റെ ശബ്ദം കേൾക്കുകയുമില്ല എന്നാകുന്നു' (മത്തായി 12: 18). ഒച്ചപ്പാട് ഉണ്ടാക്കുന്നതിൽ ചിലർ വളരെ സമർത്ഥരാണ്. ഉച്ചത്തിൽ സംസാരിച്ചാൽ കാര്യങ്ങൾ സാധിച്ചെടുക്കാം എന്നവർ ചിന്തിക്കുന്നു. ദൈവപൈതൽ എന്ന നിലയിൽ ഉച്ചത്തിലുള്ള സംഭാഷണ രീതികളിൽ നിന്നും ഒഴിഞ്ഞിരിക്കേണ്ടതാണ്. ഒരു വ്യക്തി ഉച്ചത്തിൽ എപ്പോഴും സംസാരിക്കുന്നു എങ്കിൽ അത് അയാളുടെ ആത്മശക്തിയുടെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ആത്മനിയന്ത്രണം ഇല്ലാത്തതിന്റെ ലക്ഷണവുമാണ്. പറയുന്നത് തികച്ചും ശരിയായിരിക്കാം. പക്ഷേ അത് സ്ഥാപിക്കുവാൻ വേണ്ടി വളരെ ഉറക്കെ സംസാരിക്കണം എന്ന് യാതൊരു നിർബന്ധവുമില്ല. സത്യമെന്ന് നല്ല ബോധ്യമുള്ളതുകൊണ്ട് വളരെ ഉറക്കെ സംസാരിച്ചെങ്കിൽ മാത്രമേ മറ്റുള്ളവർ വിശ്വസിക്കാവൂ എന്നുമില്ല. കർത്താവിന്റെ ദാസന്മാർ ഉചിതവും ശാന്തവും സൗമ്യവുമായ നിലയിൽ സംസാരിക്കണം.

എഫെസ്യർ 5: 4 ൽ നിങ്ങൾക്കിടയിൽ ദുഷിച്ച വാക്കുകളുമുണ്ടാകരുത്. വിഡ്ഢിത്തരങ്ങളോ വൃത്തികെട്ട തമാശകളോ നിങ്ങൾ പറയാതിരിക്കുക. അതൊന്നും നിങ്ങൾക്കു ചേർന്നതല്ല. ഇതൊന്നും ചേർച്ചയല്ലാത്ത കാര്യങ്ങളാണ്. നിങ്ങൾ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടിരിക്കണം. ആത്മനിയന്ത്രണം ഇല്ലാത്തതുകൊണ്ടാണ് മറ്റുള്ളവരെ പരിഹസിക്കുന്നതും പുച്ഛിക്കുന്നതും ഒക്കെ. രസകരമായ കഥ പറച്ചിലും, തമാശയിലുള്ള നിരൂപണങ്ങളും, ബോധ്യമില്ലാത്ത

ശേഷം പേജ് 19 ▶



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# ക്രിസ്തുതുല്യതയിലേക്കുള്ള യാത്ര...

ആത്മീയജീവിതത്തിൽ ഏകാഗ്രതയോടെ കർത്താവിനെ അന്വേഷിക്കുന്നതിനു പകരം ഒരുവൻ മന്ദഗതിയിലായാൽ എന്ത് സംഭവിക്കും? ഒന്നും സംഭവിക്കില്ല എന്നതാണ് ഉത്തരം. ആകാശത്ത് നിന്ന് ഉൽക്കകൾ വീണു അവനെ നശിപ്പിക്കയോ അസാധാരണമായ ഒന്നും സംഭവിക്കുകയോ ചെയ്യാതെ അയാൾ മരണം വരെ മാറ്റമില്ലാതെ പഴയതുപോലെ തന്നെ തുടരും. മരണാനന്തരം നീക്കുപോക്കില്ലാത്ത തിക്തഫലം അനുഭവിക്കുകയും ചെയ്യും. ദൈവത്തോടൊപ്പം നടക്കുവാൻ സാധിക്കുന്നില്ലെങ്കിൽ നമുക്ക് ക്രിസ്തുവിനോട് അനുരൂപരായി രൂപാന്തരപ്പെടാൻ കഴിയില്ല. എന്നാൽ അന്ത്യന്യായവിധിയിങ്കൽ നിലനിൽക്കുന്നതായി എന്ത് നേട്ടമാണ് പ്രാപിക്കുവാൻ കഴിയുന്നത്? അതായതു മനുഷ്യരാലുള്ള പ്രശംസ നേടുവാനുള്ള പ്രവൃത്തികളാണ് നാം ചെയ്തിട്ടുള്ളതെങ്കിൽ, മരം, പുല്ല്, വൈക്കോൽ എന്നിവ അഗ്നിയിൽ വെന്തു ചാരമാകുന്നതുപോലെ, നിത്യതയിൽ യാതൊരു പ്രതിഫലമില്ലാതെ നാം ലജ്ജിതരാകേണ്ടി വരും. കാരണം നാം ആഗ്രഹിച്ച പ്രതിഫലം മനുഷ്യരാലുള്ള പ്രശംസ ആയിരുന്നല്ലോ. നിലനിൽക്കാത്ത ആ പ്രതിഫലം നമുക്ക് ഇവിടെ ലഭിക്കുകയും ചെയ്തു. എന്നാൽ ക്രിസ്താനുരൂപരായി ജീവിച്ചവർ, 'ഇടങ്കൈ ചെയ്യുന്നത് വലങ്കൈ അറിയാതെ സ്വർഗ്ഗസ്ഥനായ പിതാവ് മാത്രം കാണുന്ന' പ്രവൃത്തികൾ ചെയ്തവർക്ക് നിത്യതയിൽ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കുന്ന തേജസ്സ് പ്രതിഫലമായി ലഭിക്കുന്നു.

സമർപ്പണം ഇല്ലാതെ സർവ്വശക്തൻ നമ്മെ രൂപാന്തരപ്പെടുത്തുകയില്ല. ശരിയാണ്, അവിടുന്ന് നമ്മെ പാപത്തെക്കുറിച്ച് ബോധ്യപ്പെടുത്തി മാനസാന്തരത്തിലേക്കു നയിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ നമുക്ക് ദൈവത്തെ അനുസരിക്കുവാനുള്ള സമർപ്പണം ഇല്ലെങ്കിൽ ദൈവം ബലപ്രയോഗത്താൽ നമ്മിൽ ഒന്നും ചെയ്യുകയില്ല. ദൈവത്താൽ ഒരുക്കപ്പെടുവാൻ ഒരുക്കമുള്ള ജനത്തെ മാത്രമാണ് അഗ്നിശോധനയിലൂടെ അവിടുന്ന് ശുദ്ധീകരിച്ച് ക്രിസ്തുവിനോട് അനുരൂപരായി രൂപാന്തരപ്പെടുത്തുന്നത്. പരിശുദ്ധാത്മാവിൽ നിന്നുള്ള പ്രബോധനങ്ങളും ബോധ്യങ്ങളും മുന്നറിയിപ്പുകളും തന്ന് നമ്മെ നിത്യശിക്ഷാവിധിയിൽ നിന്ന് രക്ഷിക്കുവാനാണ് ക്രിസ്തു, കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ എന്നേക്കും നമ്മോടു കൂടെയിരുന്നു നടത്തുവാൻ നൽകിയത്.

എന്തെങ്കിലും ഭയം കൊണ്ടോ, സംഘർഷത്തിൽ നിന്നുള്ള താത്ക്കാലിക വിടുതൽ ലഭിച്ചതുകൊണ്ടോ മാത്രം കർത്താവിനെ അന്വേഷിക്കാൻ മതിയായ പ്രചോദനം ലഭിക്കുകയില്ല. മുഴുപ്രപഞ്ചത്തിലും വിലമതിക്കാനാകാത്ത അതുല്യനിധിയാണ് അത്യുന്നതന്റെ സാന്നിധ്യം. അതിനാൽ അതുല്യമായ ആ ദിവ്യസാന്നിധ്യം നാം അന്വേഷിക്കണം. ഈ ലക്ഷ്യത്തോടെ നാം അവിടുത്തെ അന്വേഷിക്കുന്നുണ്ടോ? ദൈവവും നമ്മിൽ നിന്ന് പ്രതീക്ഷിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന ചിലതുണ്ട്. മനുഷ്യർ താൽക്കാലിക യാഥാർത്ഥ്യങ്ങൾ മാത്രം ലക്ഷ്യമാക്കി ജീവിക്കുന്നത് ദൈവത്തെ സന്തോഷിപ്പിക്കുമോ? 'ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വയ്ക്കുന്നവർ സകല മനുഷ്യരിലും അരിഷ്ടരാകുന്നു'. അത്യുന്നതൻ

മനുഷ്യനിൽ നിന്ന് കൂടുതൽ ഘനമേറിയത് അതായത് നിത്യമായത് അന്വേഷിക്കുകയാണ്.

ദൈവത്തിന്റെ ഗുണവിശേഷത്തെക്കുറിച്ച് യേശു പഠിപ്പിച്ചത്, സൃഷ്ടിയുടെ മകുടമായ മനുഷ്യനെത്തന്നെയാണ് അഥവാ മുഴുലോകത്തേക്കാളും വിലയേറിയ അവന്റെ ആത്മാവിനെയാണ് ദൈവം അന്വേഷിക്കുന്നത്. പാപം നിമിത്തം നഷ്ടപ്പെട്ടു പോയ മാനവകുലത്തെ സർവ്വശക്തൻ അന്വേഷിക്കുന്നു; അവിടുന്ന് സത്യാരാധകരെ അന്വേഷിക്കുന്നു, ദൈവം നല്ല മുത്തുകൾ അന്വേഷിക്കുന്ന ഒരു വ്യാപാരിയെപ്പോലെയാണ് (മത്തായി 13:45). കർത്താവിനെക്കുറിച്ച് നാം ഇത് മനസ്സിലാക്കേണ്ടതുണ്ട്: താൻ സാധാരണമായതിനെയല്ല, മറിച്ച് വിലപ്പെട്ടതിനെയാണ് അന്വേഷിക്കുന്നത്. ക്രിസ്തുവിനെ സ്വീകരിച്ച ശേഷം ക്രിസ്തുവിനോടു അനുരൂപരാകുവാനുള്ള അഭിവാഞ്ചയോടെ, തികഞ്ഞ ഏകാഗ്രതയോടെ ജീവിക്കുന്നവരെയാണ് അവിടുന്ന് അന്വേഷിക്കുന്നത്.

അവരുടെ പ്രതിബദ്ധതയുടെ ആത്മാർത്ഥത ദൈവം പരീക്ഷിക്കുന്നു. ക്രിസ്തുവിന്റെ അനുയായികളെന്ന നിലയിൽ അവർ തങ്ങളുടെ വിലയേറിയ ജീവിതം ദൈവത്തിന് സമർപ്പിക്കുമോ? അവർ പാപത്തെ ഏറ്റു പറഞ്ഞുപേക്ഷിച്ച ശേഷം, അറിയാതെ പാപത്തിൽ വീണാലും അരുമനാഥൻ അവരെ ഉപേക്ഷിക്കുന്നില്ല. മറിച്ച് മടങ്ങിവരവിനായി അവിടുന്ന് കാത്തിരിക്കുന്നു. പിതാവിന്റെ സ്നേഹാഗ്നിയിൽ ശുദ്ധീകരിക്കപ്പെട്ട ഹൃദയങ്ങളെ ദൈവത്തിനു സമർപ്പിച്ച് ജീവിക്കുവാൻ അവരെക്കുറിച്ചു ദൈവം വാഞ്ചയോടെ കാത്തിരിക്കുന്നു. സ്വർഗ്ഗീയപിതാവു പ്രതീക്ഷിക്കുന്നതും ഇതല്ലേ? പ്രത്യേകിച്ച് തന്റെ പുത്രന്റെ ആത്മാവ് നമ്മിൽ വസിക്കുന്നതിനാൽ. പലരും വിളിക്കപ്പെടുകയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും, വചനത്തോട് പ്രതികരിക്കുന്നവരിൽ നിന്ന് അവൻ തന്റെ ത്യാഗത്തിന്റെയും സഹനത്തിന്റെയും ജീവിതം പ്രതീക്ഷിക്കുന്നില്ലേ? ആ ജീവിതം ഇതാണ്: ക്രിസ്തുയേശു സ്വയം പ്രകടമാക്കിയ അതേ വിശ്വാസം, സ്നേഹം, ദിവ്യസ്വഭാവം എന്നിവ നമ്മിൽ രൂപപ്പെടുന്നത് അവിടുന്നു കാണും. അതായതു ക്രിസ്തുവിന്റെ അതേ പ്രതിമയായി നാം രൂപാന്തരപ്പെടണം. പിതാവ് അന്വേഷിക്കുന്നത് ഇതാണ്.

'നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കറിയാം. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു'. ക്രിസ്തുവിൽ വിശ്വസിക്കുക എന്നത് ഒരു കാര്യമാണ്, അവനെപ്പോലെ ജീവിക്കുക എന്നത് മറ്റൊരു കാര്യമാണ്. നമ്മുടെ ആത്മാക്കളെ രക്ഷിക്കുക മാത്രമല്ല, പിന്നീട് നമ്മെ യഥാർത്ഥത്തിൽ നമ്മുടെ ഗുരുവിനെപ്പോലെ ആകുന്നതുവരെ പൂർണ്ണമായി പരിശീലിപ്പിക്കുക എന്നതാണ് നമ്മെക്കുറിച്ചുള്ള യേശുവിന്റെ ലക്ഷ്യം. (ലൂക്കോസ് 6:40). ഇതാണ് നമ്മിൽ ദൈവം അന്വേഷിക്കുന്നത്. മനുഷ്യസൃഷ്ടിയുടെ പ്രഥമവും ആത്യന്തികവുമായ ഉദ്ദേശ്യം ഇതാണ്.

ചിലപ്പോൾ ഒരാൾ ഇങ്ങനെ ചിന്തിച്ചേക്കാം. ഞാൻ ക്രിസ്തുവിനെ അനുഗമിക്കാൻ ശ്രമിച്ചു, പക്ഷേ എനിക്ക് പ്രയാസമായും തന്റെ ഉപദേശം കഠിനമായും തോന്നി. എങ്കിലും അത്തരം വെല്ലുവിളികളില്ലാതെ ക്രിസ്തുവിന്റെ സ്വഭാവം നമ്മുടെ ഉള്ളിൽ എങ്ങനെ ഉളവാകുകയും വളരുകയും ചെയ്യും? നമ്മുടെ പരിവർത്തനം പൂർണ്ണതയിലെത്തുവാൻ ദൈവം നമ്മെ അസാധ്യമായ സാഹചര്യങ്ങളിൽ കൂടി കടക്കുമാറാക്കും. അവിടെയാണ് തന്റെ പുത്രന്റെ കൃപയും ശക്തിയും സ്വീകരിക്കാൻ നമ്മെ അഭ്യസിപ്പിക്കുന്നത്. ദൈവകൃപയാലല്ലാതെ നമ്മുടെ സ്വന്തപ്രാപ്തിയിൽ ഇത് നമുക്ക് അസാധ്യം തന്നെ. എന്നാൽ തന്റെ അതുല്യകൃപ നൽകി ദൈവം നമ്മെ പ്രാപ്തരാക്കുന്നു. ക്രിസ്തുതുല്യതയിലേക്കുള്ള യാത്ര മനുഷ്യപ്രകൃതിയുടെ പരിമിതികൾക്കപ്പുറത്തേക്ക് വളരുവാൻ കൃപയാൽ നമ്മെ സഹായിക്കും. അത് അങ്ങനെ തന്നെ ആയിരിക്കണം.

പിതാവായ ദൈവം തന്റെ പുത്രനിൽ വിലയേറിയ ഒരു മുത്ത് കണ്ടെത്തി. സാഹചര്യങ്ങൾ കഠിനമായിരിക്കുമ്പോഴും വിശുദ്ധിയിലും ആർദ്രതയിലും നിലനിൽക്കുന്ന ഹൃദയമുള്ള സത്യാരാധകരെ ദൈവം ഇന്നും അന്വേഷിക്കുന്നു. അനീതി നേരിടുമ്പോൾ, ക്രൂശിലും ജീവിതത്തിലുടനീളവും ക്രിസ്തു വെളിപ്പെടുത്തിയ സ്നേഹത്തോടെ പ്രതികരിക്കുന്ന ഒരു ജനതയെ ദൈവം അന്വേഷിക്കുന്നു. തീർച്ചയായും അങ്ങനെയുള്ളവരുടെ ഹൃദയങ്ങൾ ദൈവസ്നേഹത്തിൽ ഉറച്ചതും സുസ്ഥിരവുമാണ്. ഇങ്ങനെയുള്ളവർ മാത്രമേ ക്രിസ്തുവിനെ ആത്മാർത്ഥമായി അന്വേഷിക്കുന്നുള്ളൂ. ഈ സത്യാരാധകർ ദൈവത്തിന്റെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. അവർ ഭൂമിയുടെ ഉപ്പാണ്. ദൈവം അന്വേഷിക്കുന്ന ക്രിസ്തുവിൽ തികഞ്ഞവരാണിവർ.

•


# പ്രത്യേക അറിയിപ്പ്

**2026 ജനുവരി മുതൽ നേർവീഥി മാസിക തപാലിൽ അത്യാവശ്യക്കാർക്കു മാത്രം.**

ഭാരതീയ തപാൽ വകുപ്പ് നൽകി വന്നിരുന്ന മാസികകൾക്കുള്ള തപാൽ ആനുകൂല്യം 2026 ജനുവരി മുതൽ നിർത്തലാക്കുകയാണ്. അങ്ങനെ വരുമ്പോൾ തപാൽ ചിലവ് നിലവിലുള്ളതിന്റെ എട്ട് ഇരട്ടിയായി വർധിക്കുകയാണ്. മാത്രവുമല്ല പ്രസിദ്ധീകരണ ചിലവുകൾ ക്രമാതീതമായി വർധിച്ചുകൊണ്ടേയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നേർവീഥി ഓൺലൈനിലൂടെ 'ഇ-മാസിക'യായി തുടർന്ന് പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. പ്രിന്റഡ്കോപ്പി അത്യാവശ്യമായി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ ഉടൻ തന്നെ താഴെ പറയുന്ന ഏതെങ്കിലും നമ്പറുകളിൽ വിളിക്കുക. വിളിക്കുമ്പോൾ നിങ്ങളുടെ പേരും മേൽവിലാസവും, റാപ്പറിലുള്ള ID നമ്പറും പറയുവാൻ ശ്രദ്ധിക്കണമേ. അപ്രകാരം ആവശ്യപ്പെടുന്നവർക്കു മാത്രം തപാലിൽ അയച്ചുകൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ആഗ്രഹിക്കുന്നു. മാസികയുടെ pdf ആവശ്യമുള്ളവർ അവരുടെ ഇമെയിൽ- id നൽകിയാൽ ക്രമമായി അയക്കുന്നതായിരിക്കും. കൂടാതെ ഞങ്ങളുടെ വെബ്സൈറ്റിലും ലഭ്യമായിരിക്കും.

www.nerveedhi.com,
e-mail:editornerveedhi@gmail.com
എഡിറ്റർ : 9495213269
സബ്എഡിറ്റർ : 9946715788
മാനേജർ : 9495435336

**Office WhatsApp No. 8589819293**





അനു ഗ്രേസ് ചാക്കോ

# മൗനമാകുന്ന വാർദ്ധക്യം...

ഒന്നു മിണ്ടാതിരിക്കാമോ... 84 വയസ്സുള്ള വല്യമ്മച്ചിയോട് കൊച്ചുമകൻ അതിരാവിലെ ആക്രോശിക്കുകയാണ്. വയസ്സായാലും സ്വൈര്യം തരത്തില്ല എന്നു പറഞ്ഞ് കൊച്ചുമകനെ പിന്തുണച്ചുകൊണ്ട് അമ്മയും രംഗത്തെത്തി. വീട്ടിൽ നടക്കുന്ന വാദപ്രതിവാദങ്ങൾ കേട്ടിട്ടും ഒന്നും പ്രതികരിക്കാതെ കല്ലിനു കാറ്റുപിടിച്ചതുപോലെ വല്യമ്മച്ചിയുടെ മകൻ നിർവികാരനായി കസേരയിൽ ഇരിക്കുന്നു. ഇതെല്ലം കണ്ടുംകേട്ടും, എന്റെ ദൈവമേ... എന്റെ ജീവനെ എടുത്താൽ മതിയായിരുന്നു... എന്നു പിറുപിറുത്തുകൊണ്ട് മനോവേദനയോടെ കട്ടിലിൽ കിടന്നു കണ്ണുനീരൊഴുക്കുന്നു, 6 മക്കളെ നൊന്തു പ്രസവിച്ചു വളർത്തി വലുതാക്കിയ ആ 84 വയസ്സുകാരി. വയോജനങ്ങളുള്ള പല വീട്ടിലെയും സ്ഥിതി ഇതിൽ നിന്നും ഒട്ടും വിഭിന്നമല്ല. വർഷങ്ങളോളം കൈപിടിച്ചു നേർവഴിക്കു നടത്തിയ മാതാപിതാക്കൾ വാർദ്ധക്യത്തിലെത്തുമ്പോൾ ഇതാണ് അനുഭവം എങ്കിൽ അതെത്ര വേദനാജനകമാണ്.

വാർദ്ധക്യകാലത്തെ രണ്ടാംബാല്യം എന്നൊക്കെ ചിലർ വിളിക്കാറുണ്ട്. ശരിയാണ്, കുഞ്ഞുങ്ങളെ പോലെയാണ് അവരിൽ പലരും പെരുമാറുന്നത്. ഈ അവസ്ഥയിൽ ഒരു ഭാരമായി അവരെ കരുതാതെ സമാധാനത്തോടും സന്തോഷത്തോടും ജീവിക്കാൻ സഹായിക്കുകയാണ് മക്കൾ ചെയ്യേണ്ടത്. ഏറ്റവും സ്നേഹവും പരിചരണവും ആവശ്യം വരുന്ന പ്രായമാണ് വാർദ്ധക്യം. വൃദ്ധരായ മാതാപിതാക്കളെ പരിചരിക്കുന്നത് പുണ്യമായി മക്കൾ കരുതിയ ഒരു കാലമുണ്ട്. ഒരു പുണ്യം എന്നതിനപ്പുറം അവരുടെ ഉത്തരവാദിത്തവും അവകാശവുമായി അതിനെ കണ്ടിരുന്നു. സമാധാനത്തോടും സന്തോഷത്തോടും കൂടി മരിക്കുവാൻ ഇങ്ങനെയുള്ള മക്കളുടെ പരിചരണം അനുഭവിച്ച മാതാപിതാക്കൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇക്കാലത്തു തിരക്കേറിയ ജീവിതത്തിൽ പ്രായം ഉള്ളവർ അവഗണിക്കപ്പെടുന്നു എന്നതല്ലേ സത്യം?

വാർദ്ധക്യദശയിൽ കഴിയുന്നവർ നേരിടുന്നതിൽ മുഖ്യമായത് ആരോഗ്യപ്രശ്നമാണ്. പലപ്പോഴും വയോധികർക്ക് ഒന്നിൽ കൂടുതൽ അസുഖങ്ങൾ ഉണ്ടാകുന്നത് സാധാരണമാണ്. അസുഖങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ച്

മരുന്നുകളുടെ എണ്ണവും കൂടും. ദിവസം കഴിക്കുന്ന ഭക്ഷണത്തിന്റെ അളവിനെക്കാൾ, കൂടുതൽ മരുന്നുകളുണ്ടെന്ന് ചിലർ തമാശയായി പറയാറുണ്ട്. എന്തെങ്കിലും മരുന്ന് കഴിക്കണം എന്ന നിർബന്ധം ഉള്ളവരുമുണ്ട്.

പ്രായമുള്ളവരുമായി ആശയവിനിമയം നടത്തുവാൻ ആർക്കും താല്പര്യം ഇല്ലാത്തതുകൊണ്ട് വൃദ്ധർ അവരുടെ ആരോഗ്യപ്രശ്നങ്ങൾ പലപ്പോഴും ഉള്ളിൽ ഒതുക്കുന്നു. ശരീരഭാഷയിൽ നിന്നും അവർ രോഗികളെന്നു മനസ്സിലാക്കിയാലും തക്ക സമയത്ത് ഡോക്ടറെ കാണിക്കുവാൻ പലരും മടി കാണിക്കാറുണ്ട്. കേൾക്കുവാൻ മനസ്സുള്ള ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ അവരുടെ ആരോഗ്യപ്രശ്നങ്ങൾ അവരുമായിട്ട് പങ്കുവയ്ക്കുമായിരുന്നു. പങ്ക് വയ്ക്കുന്ന വേദനകൾക്ക് അനുകൂലമായ പ്രതികരണം ഉണ്ടാകുന്നില്ലെങ്കിൽ പിന്നീട് അവർ സ്വാഭാവികമായി നിശബ്ദരാകും. പ്രതികരിക്കുന്നില്ലെങ്കിലും മറ്റുള്ളവരുടെ കുറ്റപ്പെടുത്തുന്ന സംസാരവും പരിഹാസച്ചുവയോടെയുള്ള വാക്കുകളും കേട്ടു അവർ വേദനിക്കുന്നുണ്ടെന്നു മക്കൾ മനസ്സിലാക്കണം. ഉള്ളിൽ തീരെ ബോധമില്ലാത്തവർ ഒന്നും മനസ്സിലാക്കുന്നില്ല എന്നതും വിസ്മരിക്കുന്നില്ല.

ഡോക്ടർ പരിശോധിക്കുമ്പോൾ ഇവർ എല്ലാ ആരോഗ്യപ്രശ്നങ്ങളും പറയണമെന്നില്ല. ഉദാഹരണമായി വീണുപോകുമോ എന്ന ഭയം, വിഷാദരോഗം, ഓർമ്മക്കുറവ് , താത്കാലികമായി കണ്ടുവരുന്ന മാനസികവിഭ്രാന്തി, മൂത്രത്തിന്റെ നിയന്ത്രണമില്ലായ്മ, മലബന്ധം ഇങ്ങനെ പല കാര്യങ്ങളും രോഗി ഡോക്ടറോട് നേരിട്ട് പറയണം എന്നില്ല. ശുശ്രൂഷിക്കുന്നവർ വേണം ഈ കാര്യങ്ങൾ ഡോക്ടറെ ബോധ്യപ്പെടുത്തേണ്ടത്. എന്നാൽ നിർഭാഗ്യം എന്നു പറയട്ടെ, അവർക്കു കാര്യമായ അസുഖം ഒന്നുമില്ല, എല്ലാം തോന്നലാണ് എന്നുള്ള നിലയിൽ ആയിരിക്കും ചിലരെങ്കിലും ഡോക്ടറോട് സംസാരിക്കുക.

ആരോഗ്യപ്രശ്നങ്ങൾ വർദ്ധിക്കുന്നു എന്നറിഞ്ഞാൽ മാനസിക പിന്തുണ വളരെ അനിവാര്യമാണ്. സ്നേഹത്തോടെ കൃത്യസമയത്ത് മരുന്നും ആഹാരവും കൊടുക്കുക, പ്രാപ്തി പോലെ പോഷകാഹാരങ്ങൾ നൽകുക, എപ്പോഴും വൃത്തിയായി ഇരിക്കുവാൻ ദിവസവും കുളിക്കുവാനും വസ്ത്രം മാറുവാനും ഉത്സാഹിപ്പിക്കുക എന്നതൊക്കെ മാ

**മറ്റുള്ളവരുടെ കുറ്റപ്പെടുത്തുന്ന സംസാരവും പരിഹാസച്ചുവയോടെയുള്ള വാക്കുകളും കേട്ടു അവർ വേദനിക്കുന്നുണ്ടെന്നു മക്കൾ മനസ്സിലാക്കണം.**

നസികമായ ധൈര്യം വർദ്ധിപ്പിക്കുകയും ശാരീരിക ആരോഗ്യം വീണ്ടെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യും. സമയം കണ്ടെത്തി അവരോടൊപ്പം ഇരുന്ന് അവരെ കേൾക്കുകയും അവരുടെ വാക്കുകൾ മുഖവിലയ്ക്കെടുക്കുന്നു എന്ന ചിന്ത അവരിൽ ഉളവാക്കുകയും ചെയ്യുക.

അസ്ഥികൾക്ക് ബലക്കുറവും ഞരമ്പുകൾക്ക് തളർച്ചയും ബാധിക്കുന്ന സമയം ആയതുകൊണ്ട് അവർ വീഴാതെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരുതവണ വീഴ്ച സംഭവിച്ചാൽ ഇനിയും വീണുപോകുമോ എന്ന ഭയം വയോജനങ്ങളെ അലട്ടിയേക്കാം. പിച്ചവെക്കുന്ന രീതിയിലായിപ്പോകും നടത്തം. അങ്ങനെ എഴുന്നേറ്റ് നടക്കുവാൻ ഭയമുള്ളവരായി കട്ടിലിൽ ഒതുങ്ങി കൂടുവാൻ സാധ്യതയുണ്ട്. ആ സമയത്ത് അവർക്ക് എഴുന്നേറ്റ് നടക്കുവാനുള്ള ധൈര്യവും പിന്തുണയും കൊടുക്കുന്നില്ലെങ്കിൽ അവർ എന്നെന്നേക്കുമായി കിടപ്പിലാവുകയും ആ കിടപ്പിൽ ശരീരം പൊട്ടി മുറിവുകൾ ഉണ്ടാകുവാൻ സാധ്യതയും ഏറെയാണ്. ആഹാരവും മരുന്നും സ്നേഹത്തോടെ സമയബന്ധിതമായി കൊടുക്കുമ്പോൾ തന്നെ സ്വയചികിത്സ നടത്താതെ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം മരുന്നുകൾ ഉപയോഗിക്കുക. പ്രായമാകുമ്പോൾ വൈറ്റമിൻസും സപ്ലിമെന്റ്സും ഡോക്ടറുടെ നിർദ്ദേശമില്ലാതെ കഴിക്കുന്നവരുണ്ട്. അത് മറ്റ് ആരോഗ്യപ്രശ്നങ്ങളിലേക്ക് വഴി തെളിച്ചേക്കാം.

എല്ലാറ്റിനും ഉപരി സന്ദർശനത്തിന് എത്തുന്ന അതിഥികളും ബന്ധുക്കളും, പ്രായമുള്ളവർ തങ്ങൾക്ക് ഏറ്റവും വിലപ്പെട്ടവരാണെന്നുള്ള നിലയിൽ സംസാരിക്കുന്നതും പെരുമാറുന്നതും മാനസികാരോഗ്യത്തെ വർദ്ധിപ്പിക്കും. കുടുംബസദസ്സുകളിലും ആത്മീയസംഗമങ്ങളിലും കഴിയുമെങ്കിൽ ഇവരെയും പങ്കെടുപ്പിക്കുക. അതിനു

കഴിയുന്നില്ലെങ്കിൽ അവരോടൊപ്പം അവരുടെ ഭവനങ്ങളിൽ കൂട്ടായ്മ നടത്തുക. വല്ലപ്പോഴുമൊക്കെ അവർക്കാകുമെങ്കിൽ അവരെയും കൂട്ടി ബന്ധുവീടുകൾ സന്ദർശിക്കുക, ആവശ്യമായ വിശ്രമം ലഭിക്കുന്നതിന് സുഖപ്രദവും ശാന്തവുമായ അന്തരീക്ഷം ഭവനത്തിൽ ഒരുക്കുക. ഇങ്ങനെയുള്ള പരിചരണം അവരുടെ ജീവിതം കൂടുതൽ സജീവമായിരിക്കാൻ സഹായിക്കുന്നു.

ഇതൊക്കെ ചെയ്യുമ്പോൾത്തന്നെ മനസ്സോടെ വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കുന്നവർ ചിലപ്പോൾ കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടിവരും. അത് അവഗണിക്കുകയും മടുപ്പില്ലാതെ ശുശ്രൂഷിക്കുവാൻ വീണ്ടും സമർപ്പിക്കുകയും ചെയ്യുക. ഏറെ മക്കൾ ഉണ്ടെങ്കിലും ഇളയമകന്റെ മാത്രം ഉത്തരവാദിത്തമാണ് മാതാപിതാക്കളുടെ സംരക്ഷണം എന്നുള്ള ചിന്ത പൊളിച്ചെഴുതി, എല്ലാവരുടെയും ഉത്തരവാദിത്തമാണ് എന്നുള്ള ബോധ്യത്തിലേക്ക് മറ്റു മക്കളും വരേണ്ടതുമാണ്. അതായതു എല്ലാവരും തങ്ങളുടെ പ്രാപ്തി പോലെ വിവിധ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശുശ്രൂഷിക്കുന്നവർക്ക് ഒരിക്കലും മാനസിക സമ്മർദ്ദങ്ങൾ ഉണ്ടാക്കുന്ന വാക്കുകളോ പ്രവൃത്തികളോ ആരുടെയും ഭാഗത്തു നിന്നുണ്ടാകാതെ അവരെ എല്ലാനിലയിലും മനസ്സിലാക്കി ചേർത്തുപിടിക്കുക്കേണ്ടത് അനിവാര്യം തന്നെ. ●

13 **ദൈവത്തിന്റെ ശബ്ദമാകുവാൻ...**

വിമർശനങ്ങളും കൊണ്ട് ഒരുകൂട്ടം കേൾവിക്കാരെ നാം രസിപ്പിക്കുന്നുവെങ്കിൽ, അവരോടു കർത്താവിന്റെ കാര്യം പറയുമ്പോൾ അവരുടെ ആദരവിനെ നിലനിർത്തുവാൻ നാം കഴിവില്ലാത്തവർ ആയിപ്പോകും. നമ്മുടെ വാക്കുകൾക്ക് അവരിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ കഴിയാതെ വരും. നമ്മുടെ വാക്കുകൾ അവർ ആ നിലയിൽ മാത്രമേ ശ്രദ്ധിക്കയുള്ളൂ. ദൈവവചനം പ്രസംഗിക്കുവാൻ നിൽക്കുമ്പോൾ പ്രസംഗത്തിന് അവർ കൊടുക്കുന്ന പരിഗണന പ്രസംഗത്തിന് മുമ്പ് നാം സംസാരിച്ച കഴമ്പില്ലാത്ത വ്യർത്ഥവാക്കുകൾക്ക് അനുസരിച്ചായിരിക്കും. മറ്റുള്ളവരോട് നാം ദൈവവചനം സംസാരിക്കുമ്പോൾ അത് പ്രയോജനരഹിതം ആകാതിരിക്കണമെങ്കിൽ, നമ്മുടെ ദൈനംദിന സംഭാഷണത്തിൽ ഘനശാലികളും നിരന്തരം നിയന്ത്രണം പാലിക്കുന്നവരും ആയിരിക്കണം.

ഒടുവിൽ, ഏതു നിസ്സാരവാക്കിനും നാം കണക്ക് പറയേണ്ടിവരും എന്ന വചനം ഗൗരവമായി എടുക്കണം. നാം ന്യായാസനത്തിന് മുമ്പിൽ നിൽക്കുമ്പോൾ നിസ്സാരമായി സംസാരിച്ചിട്ടുള്ള വാക്കുകൾ വരുത്തിവെച്ച നാശവും നഷ്ടവും എന്താണെന്ന് ഭയത്തോടെ കാണേണ്ടി വരും. നമ്മുടെ വാക്കുകൾ മറ്റുള്ളവരെ എപ്രകാരം സ്വാധീനിച്ചു എന്ന് വെളിപ്പെടുന്നത് പൂർണ്ണമായും അന്നാളിലാണ്. അധരങ്ങളിൽ നിന്ന് വീണുപോയ അവിവേക വാക്കുകളെ തിരിച്ചെടുക്കാൻ കഴിയില്ല.. അവ നാശം വിതയ്ക്കുന്നു. ഓരോരുത്തരും പറഞ്ഞുപോയ വിഡ്ഢിത്തങ്ങളെ ഓർത്ത് അനുതപിക്കുവാനും ദൈവത്തിൽ നിന്ന് ക്ഷമ പ്രാപിക്കുവാനും ഈ ഭൂമിയിൽ ദൈവം തരുന്ന അവസരങ്ങൾ ഉപയോഗിക്കണം. അനേക വിശ്വാസികളുടെയും ശുശ്രൂഷകരുടെയും ജീവിതത്തെ ദുഷിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്തത് നാവിന് കടിഞ്ഞാണില്ലാത്ത വാക്കുകൾ നിമിത്തമാണ്.

ഇവിടെയാണ് കർത്താവായ യേശുക്രിസ്തുവിന്റെ സംസാരമാതൃക നാം പഠിക്കേണ്ടത്. 'കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു'. അഭ്യസിപ്പിക്കപ്പെട്ടവരുടെ നാവ് എന്നാണ് ശിഷ്യന്റെ നാവ് എന്ന പദത്തിൽ നിന്ന് മനസ്സിലാക്കേണ്ടത്. അതായത് ശിക്ഷണം ലഭിച്ച അഥവാ അച്ചടക്കമുള്ള നാവ് എന്നർത്ഥം. നാവിനു കടിഞ്ഞാണിടുവാൻ പ്രാപ്തരാകേണ്ടതിന് നാം ദൈവത്തെ അന്വേഷിക്കേണ്ടതാണ്. അങ്ങനെ മെരുക്കുവാൻ കഴിയാത്ത ഈ അവയവം അച്ചടക്കം പ്രാപിച്ച ഒരു അവയവമായിത്തീരും. പരിശുദ്ധാത്മ നിയന്ത്രണത്തിൽ നാവ് വരികയും കർത്താവിന്റെ ശബ്ദമായി തീരുകയും ചെയ്യും എന്ന് നമുക്ക് പ്രത്യാശിക്കാം. ദൈവദത്തമായ നമ്മുടെ ശുശ്രൂഷയിൽ അപകടം വരാതിരിക്കാൻ പ്രയോജനരഹിതമായ എല്ലാ വ്യർത്ഥസംസാരങ്ങളിൽ നിന്നും ജയം പ്രാപിച്ചവരായി ജീവിക്കാം. ●

ബെഞ്ചമിൻ വർഗീസ്

# ക്ഷമ തീർത്ത ദാരുശില്പം

മേൽക്കൂരയിലെ വിടവുകളിലൂടെ ഊർന്നിറങ്ങിയ പ്രഭാതസൂര്യന്റെ പൊൻകിരണങ്ങൾ ആ മരപ്പണിശാലയ്ക്കുള്ളിൽ സ്വർണ്ണവർണമായ ചിത്രപ്പണികൾ തീർത്തു. പുതുതായി മുറിച്ച ദേവദാരുവിന്റെ വാസന അവിടമാകെ സൗരഭ്യം പരത്തി. ചിന്തേരുകളുടെ ഉച്ചസ്ഥായിയിലുള്ള ശബ്ദവും ഉളികളുടെ ചിലമ്പലുകളും കൊട്ടുവടികളുടെ മുട്ടുമെല്ലാം ആ ശാലയെ സജീവമാക്കി. അവിടുള്ള ചെറുപ്പക്കാരായ ആശാരിമാരെല്ലാം ശ്രദ്ധയോടെ തങ്ങളുടെ ജോലിയിൽ വ്യാപൃതരായിരിക്കുന്നു. എന്നാൽ അവരുടെ കൂട്ടത്തിൽ ഒരുവനായ എലീഹൂ മാത്രം അവിടെ നടക്കുന്ന കാര്യങ്ങളിൽനിന്നും മാറി അവിടുത്തെ പ്രധാന ആശാരി പണിയുന്ന ഇടത്തിനടുത്തായി നില്പുണ്ട്; കണ്ണുകളിൽ മൂർച്ചയും സ്വഭാവത്തിൽ എടുത്തുചാട്ടവുമുള്ളവൻ. മരപ്പണിക്ക് വേണ്ട ക്ഷമ അവൻ പഠിച്ചുവരുന്നതേയുണ്ടായിരുന്നുള്ളൂ.

ഗ്രാമസഭയിൽ നിന്ന് കിതച്ചുകൊണ്ട് ഓടിവന്ന അവന്റെ മുഖം രോഷം കൊണ്ട് ചുവന്നിരുന്നു. 'ഗുരോ,' അവൻ പറഞ്ഞു, 'അയാൾ എല്ലാവരുടെയും മുന്നിൽ വെച്ച് അങ്ങയെ അപമാനിച്ചു. അങ്ങാണെങ്കിൽ, ഒരു പുഞ്ചിരിയോടെ അയാളെ പോകാൻ അനുവദിച്ചു. എന്തുകൊണ്ടാണങ്ങനെ ചെയ്തത്? ഒരു വാക്ക് അങ്ങ് പറഞ്ഞിരുന്നെങ്കിൽ.'

ആ ആശാരി തന്റെ ജോലിയിൽ നിന്ന് തലയുയർത്തി. അദ്ദേഹത്തിന്റെ ചുളിവുവീണ, ഉറച്ച കൈകൾ ഒരു നിമിഷം നിശ്ചലമായി. അദ്ദേഹം എലീഹൂവിനെ അല്പനേരം നോക്കി, കയ്യിലിരുന്ന പലക മാറ്റിവെച്ച്, അടുത്തുള്ള സ്റ്റൂളിലേക്ക് ആംഗ്യം കാണിച്ചു.

'ഇരിക്കൂ,' അദ്ദേഹം സൗമ്യമായി പറഞ്ഞു.

എലീഹൂ മനസ്സില്ലാമനസ്സോടെ അനുസരിച്ചെങ്കിലും അവന്റെയുള്ളിലെ അഭിമാനം മുറിവേറ്റ് പിടയുന്നത് ആ മുഖത്ത് വ്യക്തമായി കാണാൻ സാധിക്കുമായിരുന്നു.

'ഒരു കാലമുണ്ടായിരുന്നു', ആശാരി തുടർന്നു , 'വേദനയ്ക്ക് മറുപടി വേദന കൊണ്ടുതന്നെ നൽകണമെന്ന് അന്ന് ഞാനും വിശ്വസിച്ചിരുന്നു. തെറ്റ് ചെയ്തവൻ ശിക്ഷ അനുഭവിച്ചാൽ മാത്രമേ നീതി നിവർത്തിക്കപ്പെടൂ എന്ന് ഞാൻ കരുതി. ആ വിശ്വാസം എന്റെ ഹൃദയത്തിന്റെ ആഴത്തിൽ ഭാരമേറിയ ഒരു കല്ലുപോലെ ഞാൻ കൊണ്ടുനടന്നു . അതിനൊരു കാരണവുമുണ്ടായിരുന്നു.'

കഥ ശ്രദ്ധയോടെ കേൾക്കാനായി എലീഹൂ മുന്നോട്ടാഞ്ഞിരുന്നു

'അന്നെനിക്ക് ചെറുപ്പമായിരുന്നു. എന്റെ അബ്ബാ മരിച്ചിട്ട് അധികനാളായിരുന്നില്ല. ബറാബ്ബസ് എന്നുപേരുള്ള ഒരാൾ അദ്ദേഹത്തെ കൊന്നതാണ്. അബ്ബായുടെ പണിയായുധങ്ങളും, അദ്ദേഹം തീർക്കാതവശേഷിപ്പിച്ച ജോലികളും, എനിക്ക് ചുറ്റുമുള്ള ലോകത്തെ ശൂന്യമാക്കിയ ദു:ഖവും മാത്രമായിരുന്നു പിന്നീടെന്റെ കൂട്ട്. ഞാൻ പണി തുടരാൻ ശ്രമിച്ചു; പക്ഷേ മരവിച്ചുപോയ എന്റെ മനസ്സിന് മരപ്പണിയുടെ ഭാഷ തീർത്തും അന്യമായി. എന്റെ കൈകൾ വിറച്ചു, മനസ്സ് പതറി, ജീവിതം ഇരുളടഞ്ഞു .'

അദ്ദേഹം മേൽക്കൂരയിലൂടെ അരിച്ചെത്തുന്ന വെളിച്ചത്തിലേക്ക് നോക്കി നിന്നു. ആ സ്വർണ്ണരശ്മികൾ ഒരു പഴയ ഓർമ്മയെ പ്രകാശിപ്പിക്കുന്നതുപോലെ തോന്നി; അദ്ദേഹത്തിന്റെ കയ്പിനെ ആദ്യമായി കാരുണ്യം തൊട്ട ഒരു കാലത്തിന്റെ ഓർമ്മയെ.

'അതെ, മറ്റുള്ളവർക്കെല്ലാം അവൻ ഒരു

ഗുരുവായിരുന്നു. എന്നാൽ എനിക്ക്, അവൻ എന്നെ വീണ്ടെടുത്തവനായിരുന്നു. അവനെന്നെ വിളിക്കുമ്പോൾ ഞാൻ ദേഷ്യത്തിലും സങ്കടത്തിലും വഴിതെറ്റി ലക്ഷ്യമില്ലാതെ ഉഴലുന്നവനായിരുന്നു. പക്ഷേ യേശു... അവൻ എന്നെ മരപ്പണി പഠിപ്പിക്കുകയായിരുന്നില്ല, മരത്തെ ഒരു മരപ്പണിക്കാരന്റെ ഉൾക്കാഴ്ചയോടെ കാണാൻ പഠിപ്പിക്കുകയായിരുന്നു ഒരു ഭാരമായിട്ടല്ല, ക്ഷമയും ശ്രദ്ധയും കൊണ്ട് അതിനുള്ളിൽ മറഞ്ഞിരിക്കുന്ന സൗന്ദര്യത്തെ രൂപപ്പെടുത്തിയെടുക്കാവുന്ന ഒന്നായിട്ട്. അവൻ പകർന്നുതന്ന സ്നേഹവും കരുതലും, അപ്പാ പോയപ്പോൾ മുതൽ ഞാൻ അനുഭവിച്ചുപോന്ന ശൂന്യതയെ അലിയിച്ചില്ലാതാക്കി. അവന്റെ സ്നേഹമുള്ള ആ കരങ്ങൾ എന്റെ കൈകളെ ചേർത്തണച്ചപ്പോൾ, എന്റെ കൈകളുടെ വിറയൽ നിന്നു; അവയുടെ നിയോഗമെന്തെന്ന് അവ വീണ്ടും ഓർത്തെടുത്തു. നഷ്ടമായെന്ന് ഞാൻ കരുതിയ ജീവിതം അവൻ എനിക്ക് തിരികെത്തന്നു.'

എലീഹൂ കഥയിൽ മുഴുകിയിരുന്നു; അവന്റെ രോഷം പതിയെ ആകാംക്ഷയ്ക്ക് വഴിമാറുന്നത് അവനറിഞ്ഞു.

'അങ്ങനെയിരിക്കെ ഒരു ദിവസം റോമൻ പടയാളികൾ എന്റെ പണിശാലയിലേക്ക് കയറിവന്നു. അവർക്ക് ഒരു കുരിശ് വേണമായിരുന്നു, ബറാബ്ബസിനുവേണ്ടി. ആ പേര് കേട്ടതും, വർഷങ്ങളായി എന്റെയുള്ളിൽ ഉറങ്ങിക്കിടന്ന പകയുടെ കനലുകൾ ആളിക്കത്തി. ഞാൻ എന്തെന്നില്ലാത്ത സന്തോഷത്തോടെ ആ ദൗത്യം ഏറ്റെടുത്തു. അവനുള്ള കുരിശ് പണിയാനായി ഏറ്റവും ഭാരമേറിയ മരക്കഷണങ്ങൾ തിരഞ്ഞുകണ്ടെത്തി. ഓരോ കൊത്തിലും എന്റെ വെറുപ്പ് ഞാൻ നിറച്ചു. അവന് പരമാവധി വേദനിക്കണം. അതായിരുന്നു എന്റെ നീതി. അതായിരുന്നു എന്റെ പ്രതികാരം.'

ആശാരിയുടെ ശബ്ദം നേർത്തു.

'പക്ഷേ ആ ദിവസം വന്നപ്പോൾ, ആ കുരിശു ചുമന്നത് ബറാബ്ബസായിരുന്നില്ല. അത് യേശുവായിരുന്നു.'

എലീഹൂ ഞെട്ടി. 'യേശുവോ? അങ്ങയെ സഹായിച്ച ആൾ?'

'അതെ. എനിക്ക് നന്മ മാത്രം ചെയ്ത ആ മനുഷ്യൻ. ഞാൻ കൊത്തിയുണ്ടാക്കിയ കുരിശിന്റെ ഭാരം താങ്ങാനാവാതെ, അവൻ കാലിടറി വീഴുന്നത് ഞാൻ കണ്ടു. എന്റെ പകയിൽനിന്നുരുത്തിരിഞ്ഞ ചെയ്തികളാണവന്റെ വേദനയുടെ ആഴം കൂട്ടിയതെന്ന സത്യം, ഞാൻ തകർന്ന ഹൃദയത്തോടെ തിരിച്ചറിഞ്ഞു.'

പണിപ്പുര നിശബ്ദമായി. കഥയുടെ ബാക്കികേൾക്കാനായി എലീഹൂ മാത്രമല്ല, മറ്റുള്ളവരും കാതോർത്തു.

'ഞാൻ ആ കുന്നിലേക്ക് ഓടി. എനിക്കത് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ പണിത കുരിശിൽ ചോരയൊലിപ്പിച്ച് തൂങ്ങിക്കിടക്കുമ്പോഴും അവൻ പറഞ്ഞു: 'ഇവർ ചെയ്യുന്നതെന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ'.

ഇതുപറയുമ്പോൾ ആ ആശാരിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് എലീഹൂ ശ്രദ്ധിച്ചു.

'ആ നിമിഷം ഞാൻ തിരിച്ചറിഞ്ഞു. എന്റെ വേദന എന്നെ നീതിമാനാക്കുകയല്ല, ക്രൂരനാക്കുകയാണ് ചെയ്തത്. പക്ഷേ അവന്റെ ക്ഷമ അതെന്റെയുള്ളിലെ കല്ലിനെ ഉടച്ചു. കോപം കൊണ്ടല്ല, കരുണകൊണ്ട്. ഞാൻ കരഞ്ഞു. അതോടെ ഞാൻ സ്വതന്ത്രനായി. ആ ക്രൂശിൽകിടന്നുകൊണ്ട് അവനെന്റെ അകത്തെ മനുഷ്യനെ സൗഖ്യമാക്കി.'

എലീഹൂ നിശ്ശബ്ദനായി ഇരുന്നു. യേശു കാട്ടിയ ക്ഷമ അവന്റെ ഹൃദയത്തിൽ ഒരു തലോടലായി മാറി.

'അതുകൊണ്ട്, ഇന്ന് ആ മനുഷ്യൻ എന്നെ അപമാനിച്ചപ്പോൾ,' ആശാരി തുടർന്നു, 'ഞാൻ ആ കുരിശിനെ ഓർത്തു. എനിക്ക് ലഭിച്ച ക്ഷമയെ ഓർത്തു. എന്നിട്ട് ഞാനയാളോടും ക്ഷമിച്ചു.'

പുറത്ത്, സൂര്യൻ കൂടുതൽ ഉയർന്നു, അതിന്റെ ഊഷ്മളമായ വെളിച്ചം പണിപ്പുരയിലാകെ ഒരു പുതിയ പ്രത്യാശപോലെ പരന്നു. എലീഹൂ നിശ്ശബ്ദനായി എഴുന്നേറ്റ് തന്റെ ജോലിയിലേക്ക് മടങ്ങി. ഇത്തവണ അവന്റെ കൈകൾക്ക് വിറയലുണ്ടായിരുന്നില്ല; അവയ്ക്ക് മരത്തിന്റെ ഹൃദയമറിയുന്ന ഒരു ശില്പിയുടെ ഉറപ്പുണ്ടായിരുന്നു. ഉള്ളിലെ രോഷത്തിന്റെ തീ അണഞ്ഞ്, അവിടെ ക്ഷമയുടെയും കാരുണ്യത്തിന്റെയും ഒരു പുതിയ താളം അവൻ കേട്ടുതുടങ്ങിയിരുന്നു.

ഒരിക്കൽ തകർന്നുപോയിരുന്ന, എന്നാൽ ഇപ്പോൾ സൗഖ്യം പ്രാപിച്ചവനായ ആ ആശാരിയാകട്ടെ, തന്റെ ജോലി തുടർന്നു പ്രതികാരത്തിനായല്ല, സമാധാനത്തിനുവേണ്ടി. •



സുജ വിനു



# വനിതകളും വിധേയത്വവും

***ആ കാലത്ത് ദെബോറ എന്ന പ്രവാചകി ഇസ്രായേലിൽ ന്യായപാലനം ചെയ്തു (ന്യായാധിപന്മാർ 4:4)***

2025 ഒക്ടോബർ 20 ന് നടന്ന എന്റെ മകളുടെ വിവാഹവേളയിൽ വേദിയിൽ ദൈവവചനം വായിക്കുക എന്ന ശുശ്രൂഷ ഒരു വനിത നിർവഹിച്ചു. ചില വിമർശനങ്ങൾ ഉയർന്നുവരികയുണ്ടായി. പതിവുകൾ തെറ്റപ്പെടുമ്പോൾ, ശീലങ്ങൾ മാറ്റി എഴുതപ്പെടുമ്പോൾ ചോദ്യങ്ങളും പ്രതിഷേധങ്ങളും ഉയരുക സ്വാഭാവികം ആണല്ലോ. അതുകൊണ്ടുതന്നെ, വാദമോ പ്രതിവാദമോ അവതരിപ്പിക്കുകയല്ല. പഴയനിയമം കാലം മുതൽ, ദൈവം സ്ത്രീകളോട് കാണിക്കുന്ന മനോഹരമായ സവിശേഷ പരിഗണനയുടെ ഒരു ഓർത്തെടുക്കൽ ആണ് ഈ കുറിപ്പ്.

സ്ത്രീയായി ജനിപ്പിക്കാതിരുന്നതിന് യഹോവയ്ക്ക് നന്ദി പറയുന്ന പാരമ്പര്യം നിലനിന്നിരുന്ന ഒരു ജനസമൂഹത്തിന്റെ മതഗ്രന്ഥത്തിൽ, 'ന്യായാധിപന്മാർ' എന്ന് പുല്ലിംഗരൂപത്തിൽ പുരുഷന്മാരെ മാത്രം സൂചിപ്പിക്കുന്ന തലക്കെട്ടിന് താഴെ, ഒരു ന്യായാധിപയുടെ വിശദചരിത്രം രേഖപ്പെടുത്തി വച്ചിരിക്കുന്നു ദൈവം. 'ദെബോറയുടെ ഈന്തപ്പന' എന്ന പ്രയോഗം 'യാക്കോബിന്റെ കിണർ' എന്ന പ്രയോഗത്തിന് തുല്യമാണ്. ഒരു സ്ത്രീയുടെ പേരിൽ ദേശസ്മരണികൾ ഉണ്ടായിരുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത് (ന്യായാധിപന്മാർ 4:5). തുടർന്നുവായിക്കുമ്പോൾ 'ഇസ്രായേൽമക്കൾ ന്യായപാലനത്തിന് അവളുടെ അടുത്തുചെല്ലുക പതിവായിരുന്നു' എന്ന് എഴുതിയിരിക്കുന്നതായി കാണുന്നു. ഒരു ന്യായാധിപയെ സമീപിക്കാനും, അവളുടെ തീർപ്പുകൾ നിറവേറ്റുവാനും, യഹോവ തന്റെ ജനത്തെ വിധേയപ്പെടുത്തുന്നതിന്റെ വൈരുദ്ധ്യഭംഗി പ്രസ്താവ്യമാംവിധം പ്രകടമാണ് ഈ അധ്യായത്തിൽ.

യഹോവ നിന്നോട് കൽപ്പിക്കുന്നു എന്ന് ദെബോറ ബാരാക്കിനോട് പറയുമ്പോൾ, നീ എന്നോടുകൂടി വരുന്നെങ്കിൽ ഞാൻ പോകാം, നീ വരുന്നില്ലെങ്കിൽ ഞാൻ പോവുകയില്ല എന്നു പറഞ്ഞു (ന്യായാധിപന്മാർ 4: 8) എന്ന് വായിക്കുമ്പോൾ, പുറപ്പാട് പുസ്തകത്തിൽ മോശെ യഹോവയോട് പറയുന്ന വാക്കുകൾ ആരുടെയും മനസ്സിലേക്ക് വരും. യഹോവ കൂടെ വരുന്നില്ലെ

പഴയനിയമത്തിൽത്തന്നെ ഒരു വംശത്തിന്റെ വിമോചനത്തിനായി ദൈവം തെരഞ്ഞെടുക്കുന്ന എസ്ഥേർ എന്ന സ്ത്രീയുടെ ചരിത്രവും രേഖപ്പെടുത്തിയിരിക്കുന്നു. പുതിയനിയമത്തിലേക്ക് വരുമ്പോൾ യേശുവിന്റെ വംശാവലി തുടങ്ങുന്നത് തന്നെ സ്ത്രീകളുടെ പേരുകൾ ഉൾപ്പെടുത്തിക്കൊണ്ടാണ്. പിന്തുടർന്നിരുന്ന എഴുത്തുശീലങ്ങളെ വിട്ട് പുതിയതൊന്നിനെ കൊണ്ടുവരുന്നു സുവിശേഷരചയിതാവായ മത്തായി. സ്ത്രീകളുടെ, അതും പാരമ്പര്യമോ ശ്രേഷ്ഠതയോ ഇല്ലാത്തവരുടെ പേരുകൾ ഉൾപ്പെടുത്തിയതിനാൽ വംശാവലിയുടെ ആധികാരികതയോ വംശത്തിന്റെ സംശുദ്ധിയോ നഷ്ടപ്പെട്ടിട്ടില്ല.

തന്നെ കണ്ടെത്തുവാൻ സ്ത്രീകളെ അനുവദിക്കുന്ന യേശുവിനെ സുവിശേഷം കാണിച്ചുതരുന്നു. അനിതരസാധാരണമാം വിധം സ്ത്രീകളോട് അനുതാപം പുലർത്തുന്ന യേശുവിനെ മുമ്പ് ഈ പംക്തിയിൽത്തന്നെ പലതവണ പഠനവിധേയമാക്കിയിട്ടുണ്ടല്ലോ. ജ്ഞാനികൾക്കും പ്രമാണികൾക്കും വെളിപ്പെടുത്താത്ത രഹസ്യങ്ങൾ സ്ത്രീകൾക്ക് മുമ്പിൽ വെളിപ്പെടുത്തുന്നു മശിഹാ. ഒരു ഗ്രാമത്തിലെ ജനത്തോട് മുഴുവൻ, തന്നെ സാക്ഷിക്കുവാൻ ശമരിയാക്കാരിക്ക് ഇടയാക്കുന്ന യേശു. പുനരുത്ഥാനത്തിനു ശേഷമുള്ള ആദ്യദർശനം ഒരു സ്ത്രീക്ക് അനുവദിക്കുന്ന യേശു. സ്വന്തസമ്പത്തുകൊണ്ട് തനിക്ക് ശുശ്രൂഷ ചെയ്യുവാൻ സ്ത്രീകളെ അനുവദിക്കുന്ന യേശു... പലതവണ എഴുതിക്കഴിഞ്ഞതിനാൽ യേശുവിന്റെ സ്ത്രീസമീപനം എത്ര വ്യത്യസ്തമായിരുന്നു എന്നതിനെക്കുറിച്ച് കൂടുതൽ എഴുതുന്നില്ല.

വാഗ്വൈഭവവും തിരുവെഴുത്തുകളിൽ പ്രാവീണ്യവുമുള്ള അപ്പല്ലോസിനെ യേശുവിന്റെ വസ്തുത സൂക്ഷ്മമായി പഠിപ്പിക്കുന്നതിൽ, അക്വിലാവും പ്രിസ്ക്കില്ലയും തുല്യരായിരുന്നതായി കാണുന്നു (പ്രവൃത്തികൾ 18: 26). കെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തിയായ ഫേബയെ വിശുദ്ധന്മാർക്ക് യോഗ്യമാംവിധം കൈക്കൊള്ളണമെന്ന് പൗലോസ് റോമിലെ വിശ്വാസികൾക്ക് എഴുതുന്നു(റോമർ 16:1). ക്രിസ്തുവിൽ വളരെ അദ്ധ്വാനിച്ചവളായ മറിയയ്ക്കും പെർസിസിനും വന്ദനം ചൊല്ലുന്നുണ്ട്. ഈ ശുശ്രൂഷയും അധ്വാനവും കേവലം അടുക്കളശുശ്രൂഷയോ അതിഥിസൽക്കാരമോ മാത്രമായിരുന്നു എന്നല്ലല്ലോ നാം മനസ്സിലാക്കേണ്ടത്.

ങ്കിൽ യാത്ര പുറപ്പെടാൻ വിസമ്മതിച്ച മോശെയെപ്പോലെ മുന്നോട്ടു പോകാൻ മടിക്കുന്ന ബാരാക്ക്, അഹറോന്, മോശെയെ ദൈവസമാനമാക്കിയ യഹോവ ഇവിടെ ബാരാക്കിനു മുമ്പിൽ ദെബോറ എന്ന സ്ത്രീയെ ആദരണീയയാക്കുന്നു. അവൾ ആഗ്രഹിച്ചില്ലെങ്കിൽപ്പോലും അവളെ ആദരിക്കുക എന്നത് ദൈവത്തിന്റെ പദ്ധതി ആയിരുന്നു. ദെബോറയുടെ മറുപടി ഇങ്ങനെയായിരുന്നു: 'ഞാൻ നിന്നോട് കൂടെ പോരാം, എന്നാൽ നീ പോകുന്ന യാത്രയിൽ ഉണ്ടാകുന്ന ബഹുമാനം നിനക്ക് വരികയില്ല. യഹോവ സീസെരയെ ഒരു സ്ത്രീയുടെ കയ്യിൽ ഏൽപ്പിച്ചു കൊടുക്കും'.

യഹോവയാലാണ് സകലവും നിവൃത്തിയാകുന്നത് എന്ന ഉത്തമബോധ്യം ദബോറയ്ക്കുണ്ട്. യഹോവയ്ക്ക് സകലവും സാധ്യമെന്ന ഉറച്ച വിശ്വാസവും അവൾക്കുണ്ട്. യഹോവയെ ഏറ്റുപറയുന്ന, യഹോവയ്ക്ക് വിധേയപ്പെട്ടിരിക്കുന്ന ദെബോറയെ യഹോവ ഉയർത്തുന്നു. ദെബോറ ഒരു ഭാര്യയാണ്. അവളുടെ ഭർത്താവിന്റെ പേര് പറയുന്നുണ്ടെങ്കിലും. കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ല. ഭാര്യ എങ്കിലും, ദൈവനാമത്തെ ഉയർത്തുവാൻ യഹോവ ദെബോറയെ തെരഞ്ഞെടുക്കുന്നു.

സീസെര എന്ന സേനാപതിയുടെ പൂർണ്ണപതനത്തിന് ദൈവം മറ്റൊരു സ്ത്രീയെ, മറ്റൊരു ഭാര്യയെ തന്നെ തിരഞ്ഞെടുക്കുന്നു. കേന്യനായ ഹെബെരിന്റെ ഭാര്യ യായേൽ. ധീരനായ സേനാപതി, അഭയം തേടിയെത്തുന്നത് ഈ സ്ത്രീയുടെ കൂടാരത്തിലാണ്. അവന് ഗാഢനിദ്ര വരുത്തുന്നതും കൂടാരത്തിന്റെ കുറ്റിയെടുത്ത് ചുറ്റികകൊണ്ട് ചെന്നിയിൽ തറയ്ക്കാൻ ബലപ്പെടുത്തുന്നതും യഹോവ തന്നെ. ബാരാക്ക് എത്തുമ്പോഴേക്കും സ്ത്രീയുടെ കൈകളാൽ മരിച്ചുകിടക്കുന്ന സീസെരയെ ആണ് കാണുന്നത്. ബാരാക് എന്ന പുരുഷന് പ്രത്യേകിച്ചൊന്നും ചെയ്യാനില്ല ഇവിടെ. രണ്ട് സ്ത്രീകളിലൂടെ ഒരു ജനതയുടെ വിമോചനം സാധ്യമാക്കിയെടുക്കുന്നു യഹോവ. പിന്നീട് അവർ പാടുന്ന ജയഗീതത്തിൽ ഈ രണ്ടുപേരുകൾ ആവർത്തിക്കപ്പെടുന്നതായി കാണാം. യേശുവിന്റെ അമ്മയാകാൻ തെരഞ്ഞെടുക്കപ്പെട്ട മറിയയെപ്പോലെ 'തലമുറകളാൽ ഭാഗ്യവതികൾ എന്ന് പുകഴ്ത്തപ്പെട്ട്' വേദപുസ്തകത്താളുകളിൽ ഇന്നും ജീവിക്കുന്നു ദെബോറയും യായേലും.

സർവ്വശക്തനും പരമകാരുണികനുമായ ദൈവത്തെ അറിയാനും, ക്രിസ്തുവിന്റെ രക്ഷയിൽ പങ്കാളികളാകുവാനും ഉള്ള വിളി ലിംഗഭേദമെന്യേ എല്ലാവർക്കും ഉള്ളതാണല്ലോ. ഇന്ന്, ഈ രണ്ട് ലക്ഷ്യങ്ങളും സാധിക്കാനുള്ള പ്രാഥമികവും പ്രധാനവുമായ മാർഗ്ഗം വചനവായനയും ധ്യാനവും ആണ്. അതിനായി ഓരോ വിശ്വാസിയും സഹവിശ്വാസികളെ സ്ത്രീപുരുഷ വ്യത്യാസമില്ലാതെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വചനാധിഷ്ഠിതമായി സ്ത്രീകൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷകൾ പൊതു ഇടങ്ങളിലും, വേദികളിലും നിറവേറ്റുവാൻ അവരെ അനുവദിക്കണം. ഇത് വചനം വായിക്കുവാനും വചനത്തിൽ വളരുവാനും അവർക്ക് കൂടുതൽ പ്രേരണ നൽകും.

ന്യായാധിപന്മാരുടെ കൂട്ടത്തിൽ ഒരു ന്യായാധിപയെ ദൈവം അനുവദിച്ചപ്പോൾ, പ്രതിഷേധങ്ങൾ ഉയർന്നിട്ടുണ്ടാകുമോ? പതിവിന് വിരോധമായി സ്ത്രീകളുടെ പേരുകൾ വംശാവലിയിൽ ചേർത്തപ്പോൾ പ്രതികൂലശബ്ദങ്ങൾ ഉണ്ടായിരുന്നുവോ? അറിയില്ല... ഇന്ന് സ്ത്രീകൾ വേദികളിൽ വചനം വായിക്കുന്നതിനെതിരെ ഉയരുന്ന ശബ്ദങ്ങൾ, ശീലങ്ങൾ മാറ്റപ്പെടുമ്പോൾ ഉണ്ടാകുന്ന ചെറിയ അസ്വസ്ഥതകൾ മാത്രമാണ്. ഇവയൊക്കെയും മാറിപ്പോകട്ടെ എന്നും, ശുശ്രൂഷകളിലേക്ക് കടന്നുവരുവാനും വചനാധിഷ്ഠിതമായ ജീവിതം നയിക്കാനും, വചനത്താൽ സ്വയം നിർമ്മലീകരിക്കുവാനും അനേക സ്ത്രീകൾക്ക് കഴിയട്ടെ എന്നും പ്രാർത്ഥിക്കാം. ദൈവം സഹായിക്കട്ടെ •

# വിശ്വാസത്തിന്റെ ശോധനകളെ ജയിക്കുക

**ബൈ**ബിൾ പരിചയപ്പെടുത്തുന്ന വ്യക്തികളിൽ ചിലർ, ഏറെ പരാമർശിക്കപ്പെടുന്നവരും നന്നായി അറിയപ്പെടുന്നവരും ആണ്. എന്നാൽ മറ്റു ചിലർ വളരെ കുറഞ്ഞ പരാമർശനങ്ങളിൽ ഒതുങ്ങുന്നവരാണ്. ബൈബിൾ ചരിത്രകാലത്തു ജീവിച്ചിരുന്നവരും ബൈബിളിൽ പേരു പരാമർശിക്കപ്പെട്ടിട്ടേ ഇല്ലാത്തവരുമായ വിശ്വാസവീരന്മാർ എത്രയോ അധികമുണ്ടായിരിക്കും. ജീവിതത്തിൽ ശോധനകളെ നേരിട്ട്, വിജയിച്ചവരും ചെറുതും വലുതുമായ പരാജയങ്ങളെ അതിജീവിച്ച് ഓട്ടം തികച്ചവരുമുണ്ട് അക്കൂട്ടത്തിൽ. അതായത് വിശ്വാസവീരന്മാർ എല്ലാവരും വിശ്വാസത്തിന്റെ പരിശോധനകളെ അതിജീവിച്ചവരാണ്. ശോധനകൾ പ്രധാനമായും രണ്ടു വിധത്തിലുള്ളവയാണ്. ജീവിതത്തിൽ ഭൗതികനന്മകൾ ഒന്നുമില്ലാതെ കഷ്ടപ്പാടിന്റെയും ദാരിദ്ര്യത്തിന്റെയും കൈപ്പുള്ള അനുഭവങ്ങളിലൂടെ കടന്നുപോയിട്ടും, പഴികളുടെയും, അവഗണനകളുടെയും, ഉപദ്രവങ്ങളുടെയും കണ്ണീർ താഴ്‌വര താണ്ടേണ്ടി വന്നിട്ടും, വിശ്വാസം തള്ളിപ്പറയാതെ അവസാനത്തോളം നിലനിന്ന് ശോധനകളെ ജയിച്ചവരാണ് ഒരു കൂട്ടർ. മറ്റൊരു കൂട്ടർ ഭൗതികമായ ധനസമൃദ്ധിയും, ഉന്നതസ്ഥാനമാനങ്ങളും, പദവികളും അലങ്കരിച്ച്, എല്ലാവരാലും അറിയപ്പെടുന്നവരായി ജീവിച്ചിട്ടും, വിശ്വാസം തള്ളിക്കളയാതെ കർത്താവിനായി നിലനിന്നവർ. ഈ രണ്ടുവിധ ശോധനകളിൽ വിശ്വാസം തള്ളിക്കളയാൻ ഏറെ പരീക്ഷിക്കപ്പെടുന്നത് രണ്ടാമത്തെ വിഭാഗമാണ്. ധനവും സ്ഥാനമാനങ്ങളും ഒരുവനെ ലോകത്തിലേക്കാകർഷിച്ച് ലൗകികനാക്കാൻ സാധ്യത ഏറെയാണ്. അതിൽ വിജയിക്കുന്ന വിജയം ഉന്നതവിജയം തന്നെയാണ്. ദാരിദ്ര്യംകൊണ്ടും ആളുകൾ ദൈവത്തെ തള്ളിപ്പറയും, എന്നാൽ ദൈവാശ്രയം വർദ്ധിക്കാനും അത്തരം സാഹചര്യം പ്രയോജനപ്പെടുത്താം. അങ്ങനെ വിജയിക്കുന്നവരും ശോധനകളെ അതിജീവിക്കയാണ്. ഒരുവൻ എത്ര പ്രസിദ്ധനായിത്തീർന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ഏത്ര നന്നായി പ്രവൃത്തി തികച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് ദൈവമുമ്പാകെ അംഗീകരിക്കപ്പെടുന്നത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവെ നോക്കുക. യേശുവിന്റെ മുഖത്തേക്കു നോക്കിയവരാരും ലജ്ജിതരായിത്തീർന്നിട്ടില്ല. യേശു പോയ പാത നോക്കി ആ വഴിയെ പോയാൽ പരാജയം സംഭവിക്കയുമില്ല.

## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ



ജോയ് എം. തോമസ്

# ഇടിഞ്ഞു പോകുന്ന ദൈവാലയം

***'ദൈവാലയം വിട്ടുപോകുമ്പോൾ ശിഷ്യന്മാർ അവനു ദൈവാലയത്തിന്റെ പണി കാണിക്കേണ്ടതിന് അവന്റെ അടുക്കൽ വന്നു. അവൻ അവരോട്: ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു  എന്നു പറഞ്ഞു. അവൻ ഒലിവു മലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവന്റെ അടുക്കൽ വന്നു: അത് എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരേണം എന്ന് അപേക്ഷിച്ചു' (മത്തായി 24:1- 3)***

**ഹെ**രോദാരാജാവ് പുതുക്കിപ്പണിയിപ്പിച്ച ദൈവാലയം ആയിരുന്നു യേശുകർത്താവിന്റെ ശുശ്രൂഷാസമയത്ത് ഉണ്ടായിരുന്നത്. അതിന്റെ പണി വളരെ മനോഹരമായിരുന്നു. കർത്താവും ശിഷ്യന്മാരും പലവട്ടം ആ  ദൈവാലയത്തിൽ വന്നിട്ടുണ്ട്. എന്നാൽ കർത്താവ് അതിന്റെ പണി ശ്രദ്ധിക്കുകയോ അഭിപ്രായം പറയുകയോ ഒന്നും ചെയ്തില്ല. വാസ്തവത്തിൽ ശിഷ്യന്മാർ അങ്ങനെയല്ല പ്രതീക്ഷിച്ചത്. അതുകൊണ്ട് കർത്താവിന്റെ ശ്രദ്ധ ദൈവാലയത്തിന്റെ പണിയുടെ ഭംഗിയിലേക്ക് ക്ഷണിക്കുവാൻ അവർ ഒരു വൃഥാശ്രമം നടത്തി. അപ്പോൾ കർത്താവ് അവർക്ക് നൽകിയ മറുപടി ഒരു പ്രവചന മുന്നറിയിപ്പായിരുന്നു. 'ഇടിഞ്ഞു പോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു'.

ദൈവാലയത്തിന്റെ ആവശ്യവും ഉദ്ദേശ്യവും എന്താണ്? ഉത്തരം വളരെ സരളമാണ്. ദൈവത്തിന് തന്റെ ജനത്തിന്റെ നടുവിൽ വസിക്കുവാൻ! ( പുറപ്പാട് 25:8). ദൈവം തന്റെ ജനത്തെ സ്നേഹിക്കുന്നു, അവരോടൊപ്പം വസിക്കുവാൻ  ആഗ്രഹിക്കുന്നു. ദൈവത്തിന് അവരെ ആവശ്യമുണ്ട്. എന്നാൽ നമ്മെ കൂടാതെ ദൈവത്തിന് നിലനിൽപ്പില്ല എന്നല്ലല്ലോ. നമുക്ക് ദൈവത്തെ കൂടാതെ നിലനിൽപ്പില്ല എന്നതല്ലേ വാസ്തവം? അതെ, ദൈവം നമ്മുടെ ഏറ്റവും വലിയ ആവശ്യമാണ്, ദൈവം നമ്മുടെ നടുവിൽ വസിക്കേണ്ടത് ദൈവത്തിന്റെയല്ല, മറിച്ച്  നമ്മുടെ ആവശ്യമാണ്. ഈ തിരിച്ചറിവ് ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന് ഇല്ലാതെ പോയി.

ദൈവാലയം ഇപ്പോൾ അവരുടെ അഭിമാനസ്തംഭമാണ്. അത് മോടി പിടിപ്പിക്കുന്നതിലും, ഉത്സവങ്ങൾ ഗംഭീരമായി ആഘോഷിക്കുന്നതിലും ഒക്കെ അവർ ഉത്സാഹം ഉള്ളവരാണ്. എന്നാൽ ദൈവം അവരുടെ നടുവിൽ വസിക്കുന്നുവോ  എന്നത് അവരുടെ ചിന്തയിൽ പോലും ഇല്ല. ദൈവാലയം ഇപ്പോൾ കള്ളന്മാരുടെ ഗുഹയായിത്തീർ

ന്നിരിക്കുന്നു (മത്തായി 21:13) എന്ന വാസ്തവം അവർതിരിച്ചറിയുന്നില്ല. അവർ പൂർണ്ണമായും ആത്മീയ അന്ധകാരത്തിലമർന്നിരുന്നു.

ഇന്ന് നമുക്കും സംഭവിക്കുന്നത് ഇതുതന്നെയാണ്. പുറമേയുള്ള കാര്യങ്ങളെല്ലാം ഗംഭീരം ആയിരിക്കുന്നു. എന്നാൽ കർത്താവ് നമ്മുടെ നടുവിലുണ്ടോ? അതേക്കുറിച്ച് നാം ആരും അത്ര ഗൗരവം ഉള്ളവരല്ല. 'രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടുന്നവരുടെ നടുവിൽ ഞാനുണ്ട്' എന്ന കർത്താവിന്റെ വാഗ്ദത്തം പ്രാർത്ഥനയിൽ യാന്ത്രികമായി ഉരുവിടുന്നതല്ലാതെ കർത്താവ് നമ്മുടെ നടുവിൽ ഉണ്ടാവുക എന്നതിന്റെ അത്യാവശ്യമൊന്നും ഗ്രഹിക്കുവാൻ ആരും തുനിയുന്നില്ല. കർത്താവിന്റെ സാന്നിധ്യത്തിനുവേണ്ടിയുള്ള കൊതി ഇന്നും പലർക്കും നഷ്ട്ടപ്പെട്ടു പോയി. നാം മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു.

ദൈവം ഇല്ലാത്ത ദൈവാലയം ഇടിഞ്ഞുപോകും. കല്ലിന്മേൽ കല്ല ശേഷിക്കയില്ല. ദൈവം ഇല്ലാതെ മനുഷ്യർ എത്ര സാമർത്ഥ്യത്തോടെ പണിതുയർത്തിയാലും ഇടിഞ്ഞുപോകും. ദൈവശുശ്രൂഷകർ, ദൈവമക്കൾ വളരെ ഭയത്തോടെ ഉൾക്കൊള്ളേണ്ട ഒരു സത്യമാണ് ഇത്. ദൈവത്തെ കൂടാതെയുള്ള എല്ലാ അദ്ധ്വാനങ്ങളും പരിശ്രമങ്ങളും വ്യർത്ഥമാണ്. ദൈവം നമ്മോടു കൂടെ ഉണ്ടാവുക എന്നതാണ് നമുക്ക് ഇന്ന് ഏറ്റവും അത്യാവശ്യം. ദൈവത്തിന് നമ്മിൽ വസിക്കുവാൻ, നമ്മോടുകൂടെ നടക്കുവാൻ, അനുയോജ്യമായ നിലയിൽ നമ്മുടെ ജീവിതം ക്രമീകരിക്കപ്പെടണം, സത്യത്തിലും നീതിയിലും താഴ്മയിലും നടന്നു ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്നവരായി വിശുദ്ധജീവിതം നയിക്കുവാൻ നമുക്ക് ഇടയാകട്ടെ.

കർത്താവ് പറഞ്ഞത് അവിടുത്തെ ശിഷ്യന്മാർക്ക് മനസ്സിലായില്ല. അവർ അത് അന്യോന്യം ചിന്തിക്കുകയും ചർച്ച ചെയ്യുകയും ചെയ്തുകാണും. പക്ഷേ ആർക്കും ഒന്നും മനസ്സിലായില്ല. എന്നാൽ അവർക്ക് അത് മനസ്സിലാക്കുവാൻ ആഗ്രഹമുണ്ടായിരുന്നു. യേശു ഒലിവുമലയിൽ ഇരിക്കുമ്പോൾ അവർ തനിച്ച് അവിടുത്തെ അരികിൽ വന്നു (മത്തായി 24:3.) എത്ര നല്ല കാര്യം. നമുക്കും സ്വീകരിക്കുവാൻ കഴിയുന്ന നല്ല ഒരു മാതൃകയാണ് ഇത്. മനസ്സിലാകാത്ത കാര്യങ്ങൾ മനസ്സിലായില്ല എന്ന് തുറന്നു സമ്മതിച്ച്, മനസ്സിലാക്കുവാനുള്ള ആഗ്രഹത്തോടെ കർത്താവിന്റെ അടുക്കൽ വരിക. കർത്താവുമായി തനിയെ ഹൃദയം തുറന്നു സംസാരിക്കുക. കർത്താവ് നമ്മുടെ സംശയങ്ങളെ ദൂരീകരിക്കും. തന്റെ വചനം ഗ്രഹിക്കുവാൻ അവിടുന്ന് നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ച് ബുദ്ധിയെ തുറക്കും.

ദുരുപദേഷ്ടാക്കന്മാർ വർദ്ധിക്കുകയും, ദുരുപദേശം പെരുകി പ്രചരിക്കുകയും ചെയ്യുന്നു എന്നത് വാസ്തവമാണ്. അന്യോന്യം, ഒരാൾ മറ്റൊരാളെ ദുരുപദേഷ്ടാവ് എന്ന് വിളിക്കുന്നതുകൊണ്ട്, അഥവാ അന്യോന്യം കള്ളപ്രവാചകൻ എന്നാക്ഷേപിക്കുന്നതുകൊണ്ട്, ശരി ഏത്, എന്ന് തിരിച്ചറിയാത്ത അവസ്ഥയിൽ പലരും പാടുപെടുന്നുണ്ട്. പക്ഷേ എത്രപേർ തങ്ങളുടെ നിസ്സഹായാവസ്ഥ തുറന്നു സമ്മതിച്ചുകൊണ്ട് കർത്താവിന്റെ അടുക്കൽ വന്നിരിക്കുവാൻ, ഹൃദയം തുറന്നു കർത്താവിനോട് സംസാരിക്കുവാൻ സമയം കണ്ടെത്തുന്നുണ്ട്? നാം വിമർശകരായി എല്ലാവരെയും എല്ലാറ്റിനെയും വിമർശിച്ച്, ഹൃദയത്തിൽ കൈപ്പും വാശിയും വൈരാഗ്യവും ഉള്ളവരായി മലിനപ്പെട്ടു പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് വളരെ അത്യാവശ്യമാണ്. സംശയങ്ങളും ആശങ്കകളുമായി നമ്മുടെ കർത്താവിന്റെ അടുക്കലേക്ക് തനിയെ വരാം. കർത്താവ് നമ്മോട് കൃത്യമായി സംസാരിച്ചു നേർവഴിയിൽ നടത്തും എന്നത് ഉറപ്പാണ്.

ശിഷ്യന്മാർക്ക് അറിയേണ്ടത് മൂന്നു കാര്യങ്ങൾ ആയിരുന്നു. **ഒന്ന്,** അത് എപ്പോൾ സംഭവിക്കും? അതായത് കർത്താവ് ദൈവാലയത്തെക്കുറിച്ച് പറഞ്ഞ പ്രവചനം എപ്പോൾ സംഭവിക്കും? **രണ്ട്,** നിന്റെ വരവിനുള്ള അടയാളം എന്ത്? മശിഹ ആയ അവിടുന്ന് രാജത്വം ഏറ്റെടുക്കുന്നതിനെക്കുറിച്ചാണ് അവർ ചോദിക്കുന്നത്. **മൂന്ന്,** ലോകാവസാനത്തിന്റെ അടയാളം എന്താണ്? ഇന്നത്തെ രാജ്യങ്ങളും ഭരണവും എല്ലാം അവസാനിച്ച് മശിഹയുടെ രാജ്യം നിലവിൽ വരുന്നത് എന്നാണ്? അവരുടെ അറിവിന്റെ പരിമിതിയിൽ നിന്നുകൊണ്ടാണ് അവർ ചോദിച്ചത്.

കർത്താവ് ശിഷ്യന്മാർക്ക് കൊടുത്ത മറുപടി വളരെ പ്രാധാന്യം അർഹിക്കുന്നു. കർത്താവിന്റെ വരവിനും ലോകാവസാനത്തിനും ചൂണ്ടുവിരൽ ആകുന്ന ചില അടയാളങ്ങളുടെ മർമ്മം അതിൽ അടങ്ങിയിരിക്കുന്നു. യേശുവിന്റെ മരണമോ പുനരുത്ഥാനമോ ഒന്നും ഗ്രഹിക്കുവാൻ കഴിവില്ലാതിരു

ന്ന ശിഷ്യന്മാർക്ക്, കർത്താവ് പറഞ്ഞത് ഗ്രഹിക്കുവാൻ അപ്പോൾ കഴിഞ്ഞിട്ടുണ്ടാവുകയില്ല. എന്നാൽ പെന്തക്കോസ്തിനുശേഷം ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ അപ്പസ്തലന്മാർക്ക് ഈ മർമ്മങ്ങൾ വെളിപ്പെട്ടു കിട്ടുകയും വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്തു.

ഇന്ന് നമുക്കും ഭാവിസംഭവങ്ങളെക്കുറിച്ച് അറിയുവാൻ ആകാംക്ഷയുണ്ട്. കർത്താവിന്റെ മടങ്ങിവരവിനെ പലരും അവരുടെ പാരമ്പര്യവിശ്വാസത്തിന്റെ ഭാഗമായി മാത്രം കാണുന്നു. വ്യക്തിപരമായി അത്ര ഗൗരവമായി അവർ ചിന്തിച്ചു തുടങ്ങിയിട്ടില്ല. കർത്താവ് എപ്പോൾ വരും എന്നത് ഒരു വിവാദമാക്കി നാം മാറ്റിയിട്ടുണ്ട് എന്ന് തോന്നുന്നു. പല പഠിപ്പിക്കലുകൾ നിലനിൽക്കുന്നതുകൊണ്ട് പരസ്പരം വാദിച്ചും തർക്കിച്ചും കർത്താവിന്റെ വരവ് എന്ന പ്രധാന വസ്തുതയിൽ നിന്നും നാം വ്യതിചലിച്ചിട്ടില്ലേ എന്ന് ചിന്തിക്കുക. കർത്താവിന്റെ വരവിന്റെ സമയം നിർണ്ണയിക്കുവാൻ നിർഭാഗ്യവശാൽ ചിലർ മുതിരുകയും തീയതിയും സമയവും പ്രവചിക്കുകയും ചെയ്തു. ഇത്ര പ്രധാനപ്പെട്ട ഈ വിഷയത്തെ പരിഹാസവിഷയം ആക്കുവാൻ പിശാച് ഇതിലൂടെ ശ്രമിച്ചു. ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നു. കർത്താവിന്റെ വരവ് പലർക്കും ആശങ്കാജനകമാണ്. എന്നാൽ ഒരുങ്ങി കാത്തിരിക്കുന്ന തന്റെ പ്രിയർക്കു ഏറ്റവും ആനന്ദകരവും ആശ്വാസകരവുമാണ്.

കർത്താവിന്റെ വരവിനെക്കുറിച്ചുള്ള പഠനങ്ങൾ നമ്മെ പ്രത്യാശയിലേക്കും ഒരുക്കത്തിലേക്കും നയിക്കണം. അല്ലാത്തവ എല്ലാം പ്രയോജനം ഇല്ലാത്തതാണ്. ആരുടെ പഠിപ്പിക്കൽ ശ്രദ്ധിച്ചാലും 'വിവേചിക്കുക' എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. തിരുവചനം വായിക്കുകയും ധ്യാനിക്കുകയും പരിശുദ്ധാത്മാവിന്റെ സഹായത്തോടെ അത് ഗ്രഹിക്കുകയും ചെയ്യുന്നവരായിരിക്കണം നാം ഓരോരുത്തരും. വചനം പഠിക്കുന്നതിന് പ്രസംഗകരെയും വ്യാഖ്യാനങ്ങളെയും മാത്രം ആശ്രയിക്കരുത്. സ്വയം നാം കർത്താവിന്റെ അടുക്കലിരുന്നു പഠിക്കുന്ന സ്വഭാവം അനിവാര്യമാണ്. അപ്പോൾ പരിശുദ്ധാത്മാവ് ശരിയായ ഉപദേഷ്ടാക്കളുടെ ശുശ്രൂഷാസഹായം നമുക്ക് ലഭ്യമാക്കും. ●

# കൊർബാൻ

"നിങ്ങളോ ഒരുത്തൻ അപ്പനോടെങ്കിലും, അമ്മയോടെങ്കിലും നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ട എന്നു പറയുന്നു; ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലമാക്കിയിരിക്കുന്നു" (മത്തായി 15:5,6). മുകളിൽ 'വഴിപാട്' എന്ന് ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ എബ്രായ പദമാണ് കൊർബാൻ (മർക്കോസ് 7:11) എന്നത്. കർത്താവിന്റെ കാലത്ത് പരീശന്മാർ വളരെയധികം ദുരുപയോഗപ്പെടുത്തിയിരുന്ന ഒരു വാക്കാണ് 'കൊർബാൻ' .

മാതാപിതാക്കളെ ബഹുമാനിക്കുക, വാർദ്ധക്യത്തിൽ അവരെ പരിപാലിക്കുക എന്നത് ദൈവം വ്യക്തമായി കൊടുത്ത കൽപ്പനയാണ് (ആവർത്തനം 5:16, പുറപ്പാട് 21:17). എന്നാൽ സൂത്രശാലികളായ പരീശന്മാർ ഇതിൽ നിന്ന് രക്ഷപ്പെടുവാൻ വേണ്ടി ഭക്തിയുടെ വേഷം ധരിച്ചുകൊണ്ടുതന്നെ ഒരു ഉപായം പ്രയോഗിച്ചു. ഒരുവന് തന്റെ പണം പിന്നീട് തിരികെ വാങ്ങാം എന്ന വ്യവസ്ഥയിൽ ദൈവാലയത്തിന്റെ ഖജനാവിൽ നിക്ഷേപിക്കാവുന്നതാണ് എന്ന ഒരു വ്യവസ്ഥയുണ്ടാക്കി പ്രസിദ്ധം ചെയ്തു. ഇങ്ങനെ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ നിക്ഷേപകന്റെ മാതാപിതാക്കൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം ആവശ്യമായി വരുമ്പോൾ അവർക്ക് സഹായമൊന്നും ചെയ്യാതെ തന്റെ പണമെല്ലാം 'കൊർബാൻ' ചെയ്തിരിക്കുകയാണ് എന്ന് മാതാപിതാക്കളോട് പറയുന്നു. അതായത് തന്റെ കൈവശമുള്ളതെല്ലാം ദൈവാലയത്തിൽ പ്രതിജ്ഞാപൂർവ്വം പ്രതിഷ്ഠിച്ചിരിക്കുകയാണ് എന്നർത്ഥം. ഇങ്ങനെ ചെയ്യുന്ന ഒരു വ്യക്തിക്ക് മാതാപിതാക്കളോടുള്ള കടമ നിർവ്വഹിക്കണമെന്ന ദൈവകൽപ്പനയിൽ നിന്ന് ഒഴിവു നൽകിക്കൊണ്ടുള്ള ഒരു എളുപ്പ മാർഗ്ഗമാണ് 'കൊർബാൻ' എന്ന മനുഷ്യനിർമ്മിത സമ്പ്രദായം. നിശ്ചിത കാലാവധി കഴിഞ്ഞ് തങ്ങളുടെ പണം അവർക്ക് മടക്കി ലഭിക്കയും ചെയ്യുന്നു. ഇതിനെ നമ്മുടെ കർത്താവ് നിശിതമായി വിമർശിച്ചുകൊണ്ട് നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലമാക്കിയിരിക്കുന്നു എന്ന് പരിശന്മാരോട് പറഞ്ഞു.

നദി അടുത്തതായി എത്തുന്നത് ഈ മരണക്കടലിലേക്കാണ്. ആത്മനദിയുടെ കുത്തൊഴുക്കിൽ ചാവുകടലിലെ ഉപ്പുപരലുകൾ തകർന്നുപോയി. ഇതുവരെ അവിടെയെത്തിയ സകല ജലത്തെയും അത് ഉപ്പുവെള്ളമാക്കിയിട്ടുണ്ട്. എന്നാൽ ആത്മനദിയുടെ വിശുദ്ധിക്കു മുൻപിൽ ലവണകേന്ദ്രങ്ങളുടെ നില തകർന്നു. "ഞങ്ങളെയും, ഞങ്ങളെയും കൂടെ ശുദ്ധീകരിക്കണമേ" അവർ അലറിക്കൂവി. എന്തിനെയും ഏതിനെയും ശുദ്ധീകരിക്കാൻ ശക്തിയുള്ളതായിരുന്നു ആത്മപ്രവാഹം! ലവണമാലിന്യങ്ങൾ അടിഞ്ഞുകൂടുകയായിരുന്നില്ല, അലിഞ്ഞില്ലാതാവുകയായിരുന്നു. ചാവുകടൽ ഒരു നിമിഷംകൊണ്ട് ജീവതടാകമായിത്തീരുന്നു. ഹോ! ആത്മാവിന്റെ പ്രവൃത്തി എത്ര അഗോചരം!!

പഴയനിയമകാലത്ത് വിശുദ്ധനായ ഒരു വ്യക്തി കുഷ്ഠരോഗിയെ തൊട്ടാൽ അശുദ്ധനായിത്തീരുമായിരുന്നു. ഒരു വിശുദ്ധനെ അശുദ്ധനാക്കാൻ അശുദ്ധിയുടെ ഒരു സ്പർശനം മതിയായിരുന്നു. എന്നാൽ പുതിയനിയമത്തിൽ യേശു ഒരു കുഷ്ഠരോഗിയെ തൊട്ടപ്പോൾ അവൻ സൗഖ്യമായി. കാരണം, അത് ആത്മാവിലുള്ള സ്പർശനമായിരുന്നു. ഇന്നും ഒരു സ്വാഭാവിക വ്യക്തി അശുദ്ധിയുടെ പാളയത്തിലേക്ക് ഇറങ്ങിച്ചെന്നാൽ നിമിഷങ്ങൾക്കുള്ളിൽ അവൻ അശുദ്ധനായിത്തീരും. എന്നാൽ ആത്മാവിൽ മുങ്ങി, ആത്മപ്രവാഹത്തിൽ മറഞ്ഞ് അശുദ്ധിയുടെ ചാലുകളിലേക്ക് ഇറങ്ങിച്ചെന്നാൽ അഴുക്കുചാലുകളിൽ വിശുദ്ധി പകരാൻ ആ വ്യക്തിക്കു കഴിയും. ചാവുവെള്ളത്തെയും വിശുദ്ധജലമാക്കാൻ പോന്ന ശക്തി ആത്മപ്രവാഹത്തിനുണ്ട്.

സ്വാഭാവിക വ്യക്തിയായി ഞാൻ ഓഫീസിലെത്തിയാൽ ഓഫീസ് എന്നെ അശുദ്ധനാക്കും; സ്വാഭാവിക വ്യക്തിയായി ഞാൻ മാർക്കറ്റിലെത്തിയാൽ മാർക്കറ്റ് എന്നെ അശുദ്ധനാക്കും. സ്വാഭാവികവ്യക്തികളായി എന്റെ മക്കൾ സ്കൂളിലെത്തിയാൽ, കോളേജിലെത്തിയാൽ അവർ അശുദ്ധരായില്ലെങ്കിലേ അത്ഭുതമുള്ളൂ... കാരണം, ലവണസാന്ദ്രത കൂടിയ അശുദ്ധിയുടെ കോവിലകങ്ങളായി ഇന്ന് കലാശാലകൾ മാറിയിരിക്കുന്നു. എന്നാൽ ആത്മപ്രവാഹത്തിൽ, ആത്മാവിൽ മറഞ്ഞ് അവർ കലാശാലകളിലെത്തിയാൽ, കലാശാലകളിൽ നിന്ന് ജീവജലനദികളൊഴുക്കാൻ അവർക്കു

**പാപത്തിന്റെ അഴുക്കുചാലിൽ ദൈവത്തിനു മരിച്ചവരായിക്കിടക്കുന്ന പുതിയതലമുറയ്ക്കു ആവശ്യമായിരിക്കുന്നത് തത്വശാസ്ത്രമല്ല, ഡിസ്കോ ഡാൻസല്ല, റാപ്പ് മ്യൂസിക്കല്ല, ജീവനകലയല്ല- ജീവനാണ്. യേശു നൽകുന്ന സമൃദ്ധിയായ ജീവൻ.**

തീർച്ചയായും സാധിക്കും.

നമ്മുടെ നഗരത്തിന്റെ നാറുന്ന ഓടകളിലേക്ക് ആത്മാവിന്റെ നദി ഒഴുകിച്ചെല്ലണം. പാപത്തിന്റെ ചെളിക്കുണ്ടിൽ 'മരിച്ചുകിടക്കുന്ന'വരെ ആത്മാവിന്റെ നദി ജീവിപ്പിച്ചെഴുന്നേൽപിക്കുന്നത് അപ്പോൾ നമുക്കു കാണുവാൻ കഴിയും. പാപത്തിന്റെ അഴുക്കുചാലിൽ ദൈവത്തിനു മരിച്ചവരായിക്കിടക്കുന്ന പുതിയതലമുറയ്ക്കു ആവശ്യമായിരിക്കുന്നത് തത്വശാസ്ത്രമല്ല, ഡിസ്കോ ഡാൻസല്ല, റാപ്പ് മ്യൂസിക്കല്ല, ജീവനകലയല്ല- ജീവനാണ്. യേശു നൽകുന്ന സമൃദ്ധിയായ ജീവൻ. ഒരു ആത്മപ്രവാഹത്തിന്റെ കവിഞ്ഞൊഴുക്കിനു മാത്രമേ ഈ മൃതമനുഷ്യനെ ജീവിപ്പിക്കാൻ കഴിയൂ. "എന്നാൽ, ഈ നദി ചെന്നുചേരുന്നിടത്തൊക്കെയും ചലിക്കുന്ന സകലപ്രാണികളും ജീവിച്ചിരിക്കും"

സകലത്തെയും ജീവിപ്പിക്കുന്ന ആത്മപ്രവാഹം. അത് ദൈവാലയത്തിൽ നിന്ന് ഒഴുകിത്തുടങ്ങുന്നു. ഊഷരമായ മരുഭൂമിയെ ഉദ്യാനമാക്കുന്നു... മരണത്തിന്റെ നദിയെ ജീവജലതടാകമാക്കുന്നു. എന്നാൽ, ഇതിനിടയിലും ശുദ്ധത കൈവരിക്കാതെ മരണഭവനമാകുന്ന ചില സ്ഥലങ്ങളെയാണ് നാം അടുത്തതായി കാണുന്നത്. "എന്നാൽ അതിന്റെ ചേറ്റുകണ്ടങ്ങളും കുഴിനിലങ്ങളും പഥ്യമായി വരാതെ ഉപ്പുപടനയ്ക്കായി വിട്ടേക്കും..." (യെഹെസ്കേൽ 47:11). എന്താണു നാമിവിടെ കാണുന്നത്? ഗന്ധകം പെയ്തിറങ്ങിയ ഗൊമോറ (കുമ്റാൻ) മരുഭൂമിയെ ആത്മപ്രവാഹം ഹരിതാഭമാക്കി. മത്സ്യത്തിനുപോലും ജീവിക്കാൻ കഴിയാതിരുന്ന മൃതസാഗരത്തെ ആത്മപ്രവാഹം നിർമ്മല

മാക്കിയതു മാത്രമല്ല, ജീവജലാശയമാക്കി. എന്നിട്ടും ഒരു മാറ്റവുമില്ലാതെ ചേറ്റുകണ്ടങ്ങളും കുഴിനിലങ്ങളും...

എന്താണു സംഭവിച്ചത്? ആത്മപ്രവാഹം ആഴങ്ങളിലേക്ക് ഒഴുകിവരാതെ ചേറ്റുകണ്ടങ്ങൾ വരമ്പുകൾ തീർത്തു. കുഴിനിലങ്ങൾ തങ്ങളുടെ മലിനതകളെ വിട്ടുകളയാതെ മുറുകെപ്പിടിച്ചു. "ഞങ്ങൾ സംതൃപ്തരാണ്" അവർ പറഞ്ഞു: "ഞങ്ങൾക്കു മാറ്റങ്ങൾ വേണ്ട... ഞങ്ങൾക്ക് ഉപ്പുപടനകളായി തുടർന്നാൽ മതി... ഉപ്പു ചുമക്കാൻ ആരെങ്കിലും വേണമല്ലോ... രുചിയില്ലാത്ത, നിറമില്ലാത്ത, മണമില്ലാത്ത ശുദ്ധജലം ഞങ്ങൾക്കു സഹിക്കാൻ വയ്യ. അതിൽ ജീവനുണ്ടാകാം; എങ്കിലും എന്തു രസമാണതിനുള്ളത്? ഞങ്ങളിൽ വ്യാപരിക്കുന്നത് മരണമാകാം... എങ്കിലും ഉപ്പു രുചിച്ച് മലിനതകളിൽ രസിച്ചുരസിച്ച് ഞങ്ങൾ മരിച്ചോളാം". ആത്മാവ് ഈ ചേറ്റുകണ്ടങ്ങളെയും കുഴിനിലങ്ങളെയും ശുദ്ധീകരിക്കാൻ തയ്യാറായിരുന്നു. മൃതസാഗരത്തിനു ജീവൻ പകരുന്നവന് ഈ കുഴിനിലങ്ങളെ ശുദ്ധീകരിക്കുന്നതിന് എന്തു പ്രയാസം? എന്നാൽ ചേറ്റുകണ്ടങ്ങൾ വരമ്പുകൾ തീർത്ത് ആത്മപ്രവാഹത്തെ തടഞ്ഞുനിർത്തി. ഫലമോ ചുറ്റുമുള്ളതെല്ലാം ശുദ്ധീകരിക്കപ്പെട്ടപ്പോഴും ചേറ്റുകണ്ടങ്ങൾ ഉപ്പുപടനയായി അവശേഷിച്ചു.

ആത്മപ്രവാഹത്തെ തടയുന്ന എത്ര വരമ്പുകളാണ് നാമിന്നു പണിതുയർത്തിയിരിക്കുന്നത്? കോപത്തിന്റെ, അസൂയയുടെ, പിണക്കത്തിന്റെ, വരമ്പുകളൊക്കെ ഇടിച്ചുകളയുക. ആത്മപ്രവാഹം നമ്മുടെ സകല മലിനതകളെയും തൂത്തെറിയട്ടെ. മൃതാവസ്ഥയിൽ നിന്ന് നമുക്ക് ഒരു ഉയിർപ്പു പ്രാപിക്കാം.

നാം ഉപ്പുപടനകളാകരുത്. പകരം നമ്മിൽ നിന്ന് ജീവജലനദി പുറത്തോട്ടൊഴുകട്ടെ. നമുക്കാവശ്യം നാട്യമല്ല, ജീവനാണ്. യേശുകർത്താവ് തരുന്ന സമൃദ്ധിയായ ജീവൻ.

ആത്മപ്രവാഹത്തിൽ മുങ്ങിമറഞ്ഞ് ലോകത്തെ വിശുദ്ധിയിലേക്ക് നയിക്കാൻ നമുക്ക് നമ്മെ സമർപ്പിക്കാം. ആത്മപ്രവാഹത്തെ തടയുന്ന ജഡികചിന്തകളുടെ സകലവരമ്പുകളെയും ജീവിതത്തിൽ നിർമ്മൂലമാക്കാം. അങ്ങനെ ജീവജലനദി നമ്മിലൂടെ ആത്മപ്രവാഹമായി ഒഴുകട്ടെ. •

## തൃപ്തി തോന്നുന്നില്ലെങ്കിൽ...

തുടക്കമുള്ള എന്തിനും ഒടുക്കവുമുണ്ട് ഇഹത്തിൽ. പല വൻപദ്ധതികളുടെയും തുടക്കം കാണുമ്പോൾ അതിന്റെ അവസാനത്തെക്കുറിച്ച് ആശങ്ക ആളുകളിൽ ജനിക്കാറുണ്ട്. ഭാവനാസമ്പന്നരും പരിചയസമ്പന്നരുമായ ആളുകൾ വൈദഗ്ദ്യത്തോടെ ആവിഷ്കരിക്കുന്ന പദ്ധതികൾ വിജയത്തിലെത്തുന്നത്, പദ്ധതിയുടെ നടത്തിപ്പ് ഇവരുടെ ആശയങ്ങൾക്കൊത്തും, നിയന്ത്രണങ്ങൾക്ക് വിധേയപ്പെട്ടും, കൃത്യമായി നിർവ്വഹിക്കുന്നതിനേയും ആശ്രയിച്ചായിരിക്കും. രാവിലെ ഓട്ടം തുടങ്ങുന്ന ഒരു വാഹനം അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിലൂടെ പല അപകടസാധ്യതകളെയും അതിജീവിച്ച് ഓട്ടം നിർത്തുന്നത് ലക്ഷ്യസ്ഥാനത്തായിരിക്കും. മികച്ച ഒരു ഡ്രൈവറുടെ കൃത്യമായ സാരഥ്യമാണ് ഈ വിജയത്തിനു കാരണം.

ദൈവമക്കളായ നമ്മെക്കുറിച്ച് രക്ഷിതാവായ കർത്താവിന് ഒരു മികച്ച പദ്ധതി ഉണ്ടെന്ന് നമുക്കറിയാം. അതിന്റെ പൂർത്തീകരണത്തിലേക്കുള്ള പ്രയാണത്തിലാണു നാം. ദിവ്യമായ ഒരു നിയന്ത്രണം നമ്മുടെ മേലുള്ളതും നമുക്കറിയാം. എന്നാൽ പദ്ധതിനടത്തിപ്പിന്റെ ഭാഗമായി അനുദിന കാര്യങ്ങളിൽ നാം തീരുമാനമെടുക്കേണ്ടിയും കാര്യങ്ങൾ കൃത്യമായി ചെയ്യേണ്ടിയും വരും. ദൈവം നമുക്കു നൽകിയ കുടുംബാന്തരീക്ഷം, ജോലി, സഭ, ആത്മീയ ഉത്തരവാദിത്തങ്ങൾ ഇവയിലെ കടപ്പാടുകൾ നിർവ്വഹിക്കുമ്പോൾ പദ്ധതിയുടെ അന്തിമരൂപവും നിയമാവലിയുമൊക്കെ നമ്മുടെ ഉള്ളിലുണ്ടായിരിക്കണം. നമ്മുടെമേലുള്ള ദൈവീക നിയോഗവും, നിയന്ത്രണവും നമുക്കു ബോധ്യമാകണം. ഇങ്ങനെ കൃത്യമായി മുന്നേറുമ്പോൾ നമ്മുടെ അന്തരാത്മാവിൽ ഒരു തൃപ്തി അനുഭവപ്പടും, ഇല്ലെങ്കിൽ ഒരു കുറ്റബോധവും.

നമ്മുടെ ജീവിതം വിജയകരമായാണു മുന്നേറുന്നതെന്നും നല്ലൊരു അന്ത്യത്തിൽ അത് എത്തുമെന്നും ഉള്ളിൽ തൃപ്തി തോന്നുന്നില്ലെങ്കിൽ നമ്മുടെമേൽ കർത്തൃത്വമുള്ള ദൈവവുമായുള്ള ബന്ധം പരിശോധിക്കണം. അങ്ങനെ ദൈവം നൽകിയ നിയോഗങ്ങളോടു തൃപ്തികരമായി പ്രതികരിച്ച് നമുക്കും ലക്ഷ്യപ്രാപ്തി സ്വായത്തമാക്കാം. •

# ക്രൈസ്തവർ പീഡനങ്ങളിലൂടെ...

**ലോ**കമെമ്പാടും ക്രൈസ്തവർക്കെതിരെയുള്ള പീഡനം ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ പ്രശ്നങ്ങളിലൊന്നാണ്. ജോലിസ്ഥലങ്ങളിലും, വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിവേചനം നേരിടുന്നു. ലൈംഗിക അതിക്രമങ്ങൾ, അറസ്റ്റ്, സഭാഹാളുകൾക്കു തീവയ്ക്കുക, കൊലപാതകം, ക്രിസ്ത്യൻ സ്കൂളുകൾ, കോളേജുകൾ, സെമിത്തേരികൾ എന്നിവ നശിപ്പിക്കുക, പ്രാർത്ഥന തടയുക, സമൂഹമാധ്യമങ്ങളിൽക്കൂടി അവഹേളിക്കുക എന്നിവയും ക്രൈസ്തവരുടെ ജീവൻ അപകടത്തിലാക്കുന്നു. പലതും മുഖ്യധാരാ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നില്ല. ആശുപത്രിയിൽ രോഗികൾ ആവശ്യപ്പെട്ടാൽ പോലും അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ അനുവദിക്കാതിരിക്കുക, അഭയാർഥിക്യാമ്പുകളിൽ ക്രിസ്ത്യൻ അഭയാർത്ഥികൾക്ക് പ്രവേശനം നിഷേധിക്കുക എന്നിങ്ങനെ വിവിധങ്ങളായ മേഖലകളിൽ ക്രൈസ്തവർ ആഗോളതലത്തിൽ പീഡിപ്പിക്കപ്പെടുന്നു.

ചില രാജ്യങ്ങളിൽ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ വേണ്ടരീതിയിൽ റിപ്പോർട്ട് ചെയ്യാതിരിക്കുന്ന കാര്യത്തിൽ അവിടുത്തെ പ്രമുഖപത്രങ്ങളും ന്യൂസ് ചാനലുകളും ഒറ്റക്കെട്ടാണെന്നത് വിചിത്രമായ കാര്യം. റിപ്പോർട്ട് ചെയ്യുന്ന കേസുകളിലാകട്ടെ അക്രമികളുടെ പേര് ഉണ്ടാകില്ല. എങ്ങനെയെങ്കിലും അക്രമിയുടെ പേരു പുറത്തുവന്നാൽ അടുത്ത വാർത്ത അവൻ മാനസിക അസ്വാസ്ഥ്യം ഉള്ളവനാണ് എന്നതായിരിക്കും. ലക്ഷക്കണക്കിന് ക്രൈസ്തവർ എത്രയിടങ്ങളിൽ നിന്ന് പലായനം ചെയ്യേണ്ടി വന്നു? എത്രയെത്ര കുഞ്ഞുങ്ങൾ അനാഥരായി? എത്രയെത്ര സഭാഹാളുകളും പള്ളികളും തകർക്കപ്പെട്ടു? ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ ലോകമെമ്പാടുമായി ദിവസവും ചുരുങ്ങിയത് 23 പേർ മാനഭംഗത്തിനിരയാവുകയും 10 പേർ തടവിലാക്കപ്പെടുകയും, ഇരുപത്തിയഞ്ചോളം സഭാഹാളുകളും ക്രിസ്ത്യൻ കെട്ടിടങ്ങളും ആക്രമിക്കപ്പെടുന്നുണ്ടെന്നും ഓപ്പൺഡോർസ് എന്ന സംഘടന വ്യക്തമാക്കുന്നു.

ക്രിസ്തുവിനെയും ക്രൈസ്തവ വിശ്വാസപ്രമാണങ്ങളെയും അവഹേളിച്ചു സംസാരിക്കുകയും അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തികൾക്കോ പ്രസ്ഥാനങ്ങൾക്കോ നവ മാധ്യമങ്ങൾക്കോ സിനിമകൾക്കോ യുട്യൂബ് ചാനലുകൾക്കോ എതിരെ എന്തുകൊണ്ട് നടപടികൾ സ്വീകരിക്കുന്നില്ല? ശക്തമായ നിയമസംവിധാനങ്ങളുടെ അഭാവം ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങൾക്കും അവഹേളനങ്ങൾക്കും കാരണമാകുന്നുണ്ട്. ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കെതിരെ നിരന്തരം വിദ്വേഷപ്രസ്താവനകൾ നടത്തുന്നവർ ശിക്ഷിക്കപ്പെടാതെ പോകുന്നത് ഭാരതത്തിൽ ക്രൈസ്തവരോടുള്ള നിലപാടിന്റെ അപകടകരമായ സൂചനയായിട്ടാണ് നിരീക്ഷിക്കപ്പെടുന്നത്. സർക്കാരുകളുടെ മൗനവും, പോലീസിന്റെ മെല്ലെപ്പോക്കും പലപ്പോഴും കുറ്റവാളികൾക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ച് പ്രോത്സാഹിപ്പിക്കുന്നു. രാജ്യത്ത് ക്രൈസ്തവർക്കും ക്രൈസ്തവ സ്ഥാപനങ്ങൾക്കുമെതിരെ അക്രമങ്ങൾ വർദ്ധിക്കുന്നത് മതേതര ജനാധിപത്യസംവിധാനത്തിന് ഭീഷണിയാണെന്ന തിരിച്ചറിവ് സർക്കാരുകൾക്കുണ്ടാകട്ടെ.

ഒന്നാംനൂറ്റാണ്ടു മുതൽ ക്രൈസ്തവർ ക്രൂരമായ പീഡനങ്ങൾക്കു വിധേയരായിട്ടുണ്ട്. അസംഖ്യം ബൈബിളുകൾ ചുട്ടെരിച്ചിട്ടുണ്ട്. എന്നാൽ ക്രൈസ്തവസഭ തളരുകയല്ല, പ്രതികൂല സാഹചര്യങ്ങളിൽ തഴച്ച് വളരുകയായിരുന്നു എന്ന് ചരിത്രം വ്യക്തമാക്കുന്നു നിത്യതയെക്കുറിച്ചുള്ള ഉറപ്പും പ്രത്യാശയും ലഭിച്ചവർ പീഡനങ്ങളിൽ പതറാതെ രക്തസാക്ഷിത്വം വരിച്ച് ക്രിസ്തുവിനോട് ചേർന്ന ചരിത്രമാണ് ദൈവസഭയ്ക്കുള്ളത്. ആകയാൽ പീഡനങ്ങളെ അതിജീവിക്കുവാൻ, കഷ്ടങ്ങളാൽ തകർക്കപ്പെട്ട യേശുകർത്താവിനെ വിശ്വാസ ക്കണ്ണുകളാൽ കണ്ടുകൊണ്ട് മുന്നേറുവാൻ ദൈവം സഹായിക്കട്ടെ. •

# വിശുദ്ധിക്കായ് വിളിക്കപ്പെട്ട ശരീരമായ സഭ

ക്രിസ്തുവിന്റെ ശരീരമായ സഭാഗാത്രം തലയായ ക്രിസ്തുവിനോട് അനുരൂപപ്പെടുവാൻ വിളിക്കപ്പെട്ടവരാണ്. ശരീരത്തിലെ പല അവയവങ്ങൾ ശിരസ്സിനോട് ഏകീഭവിക്കണമെങ്കിൽ തലച്ചോറിൽ നിന്നുള്ള നിർദ്ദേശങ്ങൾ യഥാവിധി അനുസരിച്ചെങ്കിൽ മാത്രമേ സാധിക്കൂ. അല്ലെങ്കിൽ ചില അവയവങ്ങൾ രോഗാതുരമായി മാറ്റപ്പെടും. ക്രിസ്തുവിന്റെ സഭയും ശിരസ്സാകുന്ന ക്രിസ്തുവിനോട് അനുരൂപപ്പെടുവാൻ, സഭയെ നിർമ്മല കന്യകയായി ഒരുക്കുവാൻ നിയോഗിക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ ആലോചനകൾ ഓരോ അവയവങ്ങളും നിമിഷാനിമിഷം അനുസരിക്കണം.

പത്രോസ് അപ്പോസ്തലൻ പറയുന്ന വചനം ഇങ്ങനെ:'പണ്ട് നിങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണം ഉള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ'. പക്ഷേ, വിശുദ്ധമായ ക്രിസ്തീയജീവിതത്തിന്റെ പ്രാധാന്യം ഇന്ന് സഭായോഗങ്ങളിൽ കേൾക്കാറില്ല എന്നതാണ് ദുഃഖകരം. നിത്യവും നമ്മെ അനുഗ്രഹിക്കുന്ന ഒരു മെഷീൻ (eternal blessing machine) ആയിട്ട് ദൈവത്തെ ചിത്രീകരിക്കുന്ന പ്രഭാഷണങ്ങൾക്കാണ് ഇന്ന് എവിടെയും ഡിമാൻഡ്! 'എല്ലാവരോടും സമാധാനം ആയിരിക്കുന്നതിനും വിശുദ്ധജീവിതം നയിക്കുന്നതിനും തീവ്രപ്രയത്നം ചെയ്യുക, ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല'(എബ്രായർ 12 :14) എന്ന പൗലോസിന്റെ ചിന്തയും ഇതോടൊപ്പം ധ്യാനിക്കുമ്പോൾ രക്ഷിക്കപ്പെട്ട് നീതീകരിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെട്ട് ഓരോരുത്തരും പരിശുദ്ധാത്മസഹായത്താലുള്ള നവീകരണം പ്രാപിക്കുവാൻ കടപ്പെട്ടവരാണെന്ന് വ്യക്തമാകുന്നു. ശുദ്ധീകരണം എന്ന അർത്ഥത്തിനുള്ള ഗ്രീക്ക്പദം Hagiosmos'എന്നാണ്. അതിന്റെ ശരിയായ അർത്ഥം വിശുദ്ധിയിലേക്കുള്ള വഴി(road to holiness) എന്നതാണ്. ദിനംതോറും ഉള്ള ശുദ്ധീകരണം എന്ന വിവക്ഷയാണ് ഹാഗിയോസ് എന്ന പദത്തിനുള്ളത്.

അതെ, ആത്മാവിന്റെ ഐക്യതയും വിശുദ്ധമായ ജീവിതവും ആയിരിക്കണം ക്രിസ്തുവിന്റെ സഭയുടെ മുഖമുദ്ര! അതുവഴിയേ ക്രിസ്തുവിന്റെ സഭ ശിരസ്സാകുന്ന കർത്താവിനോട് അനുരൂപപ്പെടുകയുള്ളൂ. അതിൽ കുറവായതെല്ലാം മതസംഘടനകളോ കൾട്ടുകളോ ഫാൻസ് ക്ലബ്ബുകളോ മാത്രമായിരിക്കും. അവിടുത്തെ ശരീരമായ സഭയോ മണവാട്ടി സഭയോ ആണ് യഥാർത്ഥത്തിൽ എപ്പോഴും സഭയുടെ സ്വഭാവമാകേണ്ടത്.

–എംസി

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM
വാർഷിക വരിസംഖ്യ 250 രൂപ
QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.


RNI No. KERMAL/2012/46138
Date of Publishing 10.11.2025

NERVEEDHI NOVEMBER 2025
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ

rp PUBLICATIONS
Books












ഇപ്പോൾ ലഭ്യമാണ്

:8589819293, 9495435336

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.